

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മയ്യിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.6/1058/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/08/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മയ്യിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.6/1058/24 തീയ്യതി: 22/08/2024

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 17-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.വി.ജ്യോതിഷ് കുമാർ	ഡെപ്യൂട്ടി ഡയരക്ടർ	18-06-2024	28-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-06-2024	28-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.സുരേഷ് ബാബു. കെ. വി ,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
2.ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ,
3.ശ്രീ ശ്രീനാഥ്.വി,ഓഡിറ്റർ ,
4.ശ്രീ.നിഖിൽ.കെ,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അജിത.എം.വി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.രജീഷ്.ടി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2023	21-08-2023

ശ്രീ.ബിന്റി ലക്ഷ്മണൻ	സെക്രട്ടറി	22-08-2023	29-01-2024
ശ്രീ.രജീഷ്.ടി	സെക്രട്ടറി-ഇൻ-ചാർജ്ജ്	30-01-2024	08-02-2024
ശ്രീ.ബിന്റി ലക്ഷ്മണൻ	സെക്രട്ടറി	09-02-2024	15-03-2024
ശ്രീ.രജീഷ്.ടി	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബീന.എ	അസിസ്റ്റന്റ് എൻജിനീയർ	01-04-2023	02-08-2023
ശ്രീമതി.ദിവ്യരാജൻ.എം.ഡി	അസിസ്റ്റന്റ് എൻജിനീയർ	03-08-2023	31-03-2024
ശ്രീ.പ്രമോദ്.എസ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.കാർത്ത്യായനി.പി.കെ	മെഡിക്കൽ ഓഫീസർ,സി എച്ച് സി ,മയ്യിൽ	01-04-2023	31-03-2024
ശ്രീ.പി.വി.രാജേഷ്	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2023	31-03-2024
ശ്രീ.ആസിഫ്.എം.അഷ്റഫ്	വെറ്ററിനറി സർജ്ജൻ	01-04-2023	31-03-2024
ശ്രീ.രജീഷ്.ടി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.കാഞ്ചന.കെ.വി	ഹെഡ്മാസ്റ്റർ	01-04-2023	30-06-2023
ശ്രീമതി.ശ്രീജ.കെ	ഹെഡ്മാസ്റ്റർ	01-07-2023	31-03-2024
ശ്രീ.കമാലുദ്ദീൻ.എൻ.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മയ്യിൽ	01-04-2023	31-03-2024
ശ്രീമതി.ഷൈനി.എം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കയരളം	01-04-2023	31-03-2024
ശ്രീമതി.അനിത.കെ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-07-2023
ശ്രീമതി.രമ്യ.പി	ഐ സി ഡി എസ് സൂപ്പർവൈസർ	01-08-2023	31-03-2024
ശ്രീമതി.പൊന്നി.എം.സി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ.അരുൺ സുരേഷ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.	1-1-2
4	നികുതിയും നികുതിയേതര വരുമാനവും സമയബന്ധിതവും കൃത്യവുമായ ഡിമാൻഡ് എൻട്രികൾ ചെയ്യുന്നില്ല.	1-1-3
5	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-4
6	ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം തുക പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.	1-1-6
8	ചെലവഴിക്കാതെ ബാധ്യതയായി രേഖപ്പെടുത്തിയ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല.	1-1-7
9	മുൻവർഷങ്ങളിലെ അക്രൂവൽ വരവുകൾ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-8
10	പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധിയിലുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-9
11	കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാനവലിലെ നിർദ്ദേശങ്ങൾക്കനുസൃതമല്ല.	1-2-1
12	ബജറ്റ്	1-2
13	വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.	1-2-2
14	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.	1-6
18	ക്ഷേമപദ്ധതികൾ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തരനിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	ഗ്രാമസഭ	1-11
23	വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങളിലെ കാലതാമസം വരുമാനനഷ്ടത്തിനിടയാക്കുന്നു.	1-12
24	വസ്തു നികുതി പരിഷ്ക്കരണം - പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോഴുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതാണ്	1-13
25	നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി.	1-14
26	അനധികൃതനിർമ്മാണമായ സാറ്റ്കോസ് ഓഡിറ്റോറിയം ക്രമവൽക്കരണ നടപടികൾക്ക് കാലതാമസം-കോംബൗണ്ടിങ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളത് 92,13,593 രൂപ	1-15

27	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.	1-16
28	ലൈസൻസ് ഫീസ് രജിസ്റ്ററിലെയും സഞ്ചയയിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം പരിശോധനാ വിധേയമാക്കേണ്ടതാണ്	1-17
29	എഫ് ടി ഇ & ഒ എസ് ലൈസൻസ്,മറ്റ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ	1-18
30	ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾ ലൈസൻസ് എടുത്തിട്ടില്ല	1-19
31	ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും മുറിച്ച മരങ്ങൾ ലേലം ചെയ്തില്ല.	1-20
32	കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ തുക തിരികെ ലഭിച്ചില്ല.	1-21
33	മുൻകൂറുകൾ ക്രമീകരിക്കുന്നതിലെ കാലതാമസം.	1-22
34	കണ്ണൂർ വിവര സഞ്ചയിക-525686 രൂപ ചെലവഴിച്ചുവെങ്കിലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല - ₹525686-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
35	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല - ₹323176 ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
36	അംഗൻവാടികൾക്ക് കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ-വിനിയോഗവിവരം ലഭ്യമല്ല - 681800രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
37	ഐ കെ എം ന് അടക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹74355-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
38	എ ബി സി പദ്ധതിക്കായി കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-27
39	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കൽ പ്രവൃത്തി പാതിവഴിയിൽ- 2023-24 സാമ്പത്തികവർഷത്തെ ₹33,844/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-28
40	അസിസ്റ്റന്റ് എൻജീനീയറുടെ ട്രഷറി അക്കൗണ്ടിൽ കണക്കിൽപ്പെടാത്ത തുക അവശേഷിക്കുന്നു.	1-29
41	പുളിയൻചിറ കുളം നവീകരണം-പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.	1-30
42	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹20,234-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
43	അതിദാരിദ്ര്യ പട്ടികയിലുള്ള രോഗികൾക്ക് മരുന്ന് വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹25,062-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
44	മെനിസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല-₹1,99,555-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
45	കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-34
46	സാന്ത്വന പരിചരണം-പ്രോജക്ട് നിർവഹണം സംബന്ധിച്ച രേഖകൾ ലഭ്യമല്ല	1-35
47	ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം.	1-36
48	ധാതുലവണ മിശ്രിതവും വിരമരുന്നും വിതരണം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ₹49,950-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-37
49	മൃഗാശുപത്രിയിലേക്ക് വസ്തുക്കൾ ,കൺസ്യൂമബിൾസ് വാങ്ങൽ- ചെലവ്	1-38

	രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹49,998-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	
50	മുട്ടക്കോഴി കുഞ്ഞുങ്ങൾ വളർത്തൽ - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ	1-39
51	ഗവ. വെറ്റിനറി ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ -₹2,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-40
52	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല.	1-41
53	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി-സ്റ്റോക്ക് രേഖകൾ ഹാജരാക്കാത്തതിനാൽ 156996 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-42
54	കശുമാവ് വികസനം - മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി -₹8,760 തടസ്സപ്പെടുത്തുന്നു	1-43
55	ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.	1-44
56	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം	1-45
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3094591 ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5282831 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മയ്യിൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15-05-2024 ലെ 59/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 18-05-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മയ്യിൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മയ്യിൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
22.08.2024

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (3) പ്രകാരം വാർഷിക ധനകാര്യ

പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 നികുതിയും നികുതിയേതര വരുമാനവും സമയബന്ധിതവും കൃത്യവുമായ ഡിമാൻഡ് എൻട്രികൾ ചെയ്യുന്നില്ല.

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-1-5 ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രൊജക്ട് നമ്പർ 200/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ₹11006 കെ എസ് ഇ ബി കൊളച്ചേരി സെക്ഷനിലും, പ്രൊജക്ട് നമ്പർ 294/24, നിരന്തോട് ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ₹312170 ഇലക്ട്രിക്കൽ സെക്ഷൻ, മയ്യിലിലും, പ്രോജക്ട് നമ്പർ 213/24 പൊയ്യൂർ, വള്ളിയോട്ട് വയൽ, പെരുവങ്ങൂർ, ഇരുവാപുഴ നമ്പ്രം, ഒറപ്പൊടി, കിണിയാട്ട് ചാൽ എന്നീ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് വേണ്ടി ₹681800 ജില്ലാ ഭൂജല ഓഫീസർ, കണ്ണൂരിനും ഡെപ്പോസിറ്റായി തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 2023-24 സാമ്പത്തിക വർഷം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിനു പകരം B11-(d) ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പടുത്തി.

1-1-6 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം തുക പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം തുകയിൽ Prior Period Income ഇനങ്ങൾ ക്രമീകരിച്ച ശേഷമുള്ള തുക പഞ്ചായത്ത് ഫണ്ട്, ബി-1 ഷെഡ്യൂളിലേക്ക് തുക രേഖപ്പെടുത്തിയതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-7 ചെലവഴിക്കാതെ ബാധ്യതയായി രേഖപ്പെടുത്തിയ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രിയിലെ ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂളിലെ Other Liabilities (320100999) ഹെഡിൽ രേഖപ്പെടുത്തിയ ₹22675 ഏതാവശ്യത്തിന് എപ്പോൾ അനുവദിച്ചതാണെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നതിനുള്ള കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-8 മുൻവർഷങ്ങളിലെ അക്രൂവൽ വരവുകൾ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യുന്നില്ല

മുൻവർഷങ്ങളിലെ ലൈസൻസ് ഫീസ് ഇനത്തിൽ ₹8500 ലഭിച്ചത് അക്രൂവൽ എൻട്രി നടത്താതെ നേരിട്ട് വരവായി സ്വീകരിച്ചു. അക്രൂവൽ വരവുകൾ മുൻ വർഷങ്ങളിലേത് ലഭിക്കുമ്പോൾ Prior Period ഇനത്തിൽ കുടിശ്ശിക ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം വരവ് സ്വീകരിക്കേണ്ടതായിരുന്നു.

1-1-9 പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധിയിലുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂളിൽ പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധിയിലുള്ള നീക്കിയിരിപ്പ് തുകയും (₹88959) ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയും(₹87959) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-2-1 കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാനുവലിലെ നിർദ്ദേശങ്ങൾക്കനുസൃതമല്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി കരട് ബജറ്റ് തയ്യാറാക്കി ഭരണസമിതിയിൽ അവതരിപ്പിച്ച ദിവസം തന്നെയാണ് ബജറ്റ് പാസ്സാക്കിയത്. കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ വിശകലനത്തിനോ

പരിശോധനക്കോ വിധേയമാക്കാതെയാണ് ബജറ്റ് പാസ്സാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ ചർച്ചകൾക്ക് വിധേയമാക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ ബജറ്റ് പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

1-2 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 07-03-2023 തീയതിയിലെ യോഗത്തിലെ 22/23 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 17-03-2023 തീയതിയിൽ ഉച്ചക്ക് ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-44/23) അന്നേ ദിവസം തന്നെ ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 45/23 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 27/01/2024 തീയതിയിലെ യോഗത്തിലെ 12/24 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 07-02-2024 തീയതിയിലെ സാധാരണ യോഗത്തിൽ 17/24 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	42879742	57946950
വരവ്	260055000	296555166
ആകെ	302934742	354502116
ചെലവ്	295640516	304833589
നീക്കിയിരിപ്പ്	7294226	49668527

1-2-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

വർഷം	2023-24
മുന്നിരിപ്പ്	30211737
വരവ്	68102393
ആകെ	98314130
ചെലവ്	65007802
നീക്കിയിരിപ്പ്	33306328
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളുടെ നഷ്ടം	ഇല്ല

തടസ്സപ്പെടുത്തിയ തുക	2499416

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
വികസന ഫണ്ട് - ജനറൽ		0	19003000	19003000	13616303	5386697
വികസന ഫണ്ട് – എസ്.സി.പി		0	2872000	2872000	2260845	611155
വികസന ഫണ്ട് - ടി.എസ്. പി		0	0	0	0	0
മെയിന്റനൻസ് ഫണ്ട് – റോഡ്		0	9957350	9957350	7467454	2489896
മെയിന്റനൻസ് ഫണ്ട് – റോഡിതരം		0	4853400	4853400	3688226	1165174
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	ടൈഡ്	6144958	2360000	8504958	4531932	3973026
	ബേസിക്ക്	1542688	3363450 [(3147000 + 216450 (പലിശ)]	4906138	1698338	3207800
ഹെൽത്ത് ഗ്രാന്റ്	Dignostic Infra Stucture	178746	1008019 (992000+ 16019 പലിശ)	1186765	792130	394635
	Health Wellness Progrmme	177880	420527 (411000 + 9527 പലിശ)	598407	102560	495847
	Health Grant -Buildingless Sub Centres	0	2805171	2805171	0	2805171
കേന്ദ്രാവിഷ്കൃത ഫണ്ട്						
എം.ജി.എൻ.ആർ. ഇ.ജി.എസ്		9063	45838584	45847647	45847647	0
ഐ.സി.ഡി.എസ് - കേന്ദ്രവിഹിതം		1435153	2568537	4003690	3743196	260494
നാഷണൽ ഹെൽത്ത് മിഷൻ		332103	0	332103	296890	35213
സ്വച്ഛ് ഭാരത് അഭിയാൻ		0	648000	648000	648000	0
സംസ്ഥാനാവിഷ്കൃത ഫണ്ട്						
സാക്ഷരത		342	10	352	0	352
ലൈഫ് മിഷൻ		6464686	5713747	12178433	11120000	1058433
ടോട്ടൽ സാനിറ്റേഷൻ കാമ്പെയ്ൻ		1098718	0	1098718	0	1098718
നിർമൽ പുരസ്കാർ		120024	0	120024	0	120024
ബയോഡൈവേഴ്സിറ്റി, വിമുക്തി, ബഡ്സ്		208021	5918	213939	29950	183989
മറ്റ് അവാർഡുകൾ		200000	0	200000	0	200000
അംഗൻവാടി കുടിവെള്ള പദ്ധതി		89530	0	89530	0	89530

ദുരിതാശ്വാസനിധി	78518	10441	88959	0	88959

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ജി.ഒ. പ്രോജക്ടുകളുടെ വകയിരുത്തൽ തുക ഉൾപ്പെടാതെ ചെലവ് മാത്രമാണ് 2023-24 സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്. ജി.ഒ. പ്രോജക്ടുകളുടെ വകയിരുത്തൽ ചെലവ് പത്രികയിൽ '0'എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ	ഗ്രാന്റ് ഇനം	ബജറ്റ് വിഹിതം	ലഭിച്ച ഗ്രാന്റ്	കുറവ്	റിമാർക്സ്
1	ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്	47,20,000	23,60,000	23,60,000	പ്രസ്തുത വിഹിതം 2024-25 സാമ്പത്തിക വർഷം ലഭിച്ചു
2	മെയിനന്റൻസ് ഗ്രാന്റ് (റോഡ്)	1,49,36,000	99,57,350	49,78,650	-
3	മെയിനന്റൻസ് ഗ്രാന്റ് (നോൺ റോഡ്)	72,80,000	48,53,400	24,26,600	-
4	പൊതു ആവശ്യ ഫണ്ട്	1,81,70,400	1,36,27,800	45,42,600	-
	ആകെ			1,43,07,850	

മേൽ പട്ടിക പ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ 1,43,07,850/-രൂപ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചില്ല. പ്രസ്തുത തുകയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിനത്തിലെ 2023-24 വർഷത്തെ രണ്ടാം ഗഡു തുകയായ 23,60,000/-രൂപ 2024-25 സാമ്പത്തികവർഷം ലഭിച്ചത് കുറവ് ചെയ്താൽ ഗ്രാമപഞ്ചായത്തിന് ആകെ 1,19,47,850/-രൂപയുടെ ബജറ്റ് വിഹിതം ലഭിച്ചില്ല. ഇതിന് പുറമെ വികസനഫണ്ട്, മെയിന്റൻസ് ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതെ വന്നതിനാൽ (ക്യൂ ബില്ലുകൾ) **9652922** - *രൂപയും ലാപ്സായി. വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ആകെ 2,16,00,772/-* രൂപയാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കാതെ വരികയോ ലാപ്സാകുകയോ ചെയ്തത്.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 261,450/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

227	202637751	158	84112129	43	69	115	50.66

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

2023-24വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതിച്ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	8	10490030	5845964	55.73
വെറ്റിനറി സർജ്ജൻ	7	5	815200	504398	61.87
വി ഇ ഒ (മയ്യിൽ,കയരളം)	21	21	103389025	32035093	30.99
മെഡിക്കൽ ഓഫീസർ,സി എച്ച് സി	12	12	3453559	1624007	47.02
മെഡിക്കൽ ഓഫീസർ,ആയുർവേദ	8	8	1387103	1387065	100
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	60000	60000	100
ഹെഡ്മാസ്റ്റർ,ഗവൺമെന്റ് എൽ പി സ്കൂൾ	8	8	1850000	1591460	86.02
ഐസിഡിഎസ് സൂപ്പർവൈസർ	13	10	11518500	6456894	56.06
അസിസ്റ്റന്റ് സെക്രട്ടറി	8	5	3151961	2246614	71.28
അസിസ്റ്റന്റ് എഞ്ചിനീയർ	97	56	53162998	23852706	44.87
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1300000	405772	31.21
സെക്രട്ടറി	41	22	12059375	8102156	67.19
ആകെ	227	158	202637751	84112129	41.51

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ(2022-27) രണ്ടാം (2023-24) ജില്ലാ ആസൂത്രണസമിതിയുടെ 68/2023/DPC/DPO/KNRതീയതി 07.03.2024നമ്പർ ഉത്തരവു പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 77 സ്പിൽഓവർ പ്രോജക്ടുകളും 150 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 227 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 20,26,37,751/- രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	തീയതി/കമ്മറ്റി തീരുമാനം
ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു	07/12/2022
ആസൂത്രണസമിതിയോഗം	12/12/2022
പദ്ധതി രൂപീകരണഗ്രാമസഭകൾ	21/12/2022
വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി	13/12/2022
കുട്ടികളുടെ ഗ്രാമസഭ	07/01/2023
ഭിന്നശേഷിഗ്രാമസഭ	04/01/2023
വയോജനഗ്രാമസഭ	05/01/2023
വികസനസെമിനാർ	14/01/2023
ഭരണസമിതി വാർഷികപദ്ധതി	07/03/2023

അംഗീകരിച്ചു	
വാർഷികപദ്ധതി ഡി പി സി അംഗീകാരം ഡി പി സി അന്തിമ അംഗീകാരം	10/03/2023 07/03/2024
ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു	19/09/2023

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 227 പ്രോജക്ടുകളിൽ 158 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്.വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി 20,26,37,751/-രൂപ വകയിരുത്തിയതിൽ 8,41,12,129/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി ചെലവ് 41.51% മാത്രം. ലഭ്യമായ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ 96,52,922 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം- ഗ്രാമ പഞ്ചായത്തിന്റെ പൊതുസമീപനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷികമേഖലയിൽ നെൽകൃഷിയെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. മൃഗസംരക്ഷണമേഖലയിൽ 5 പദ്ധതികൾ നടപ്പിലാക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു.ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി എന്ന പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ (9ലക്ഷം) 2.9ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. സാന്ത്വനപരിചരണം, മരുന്നുവാങ്ങൽ, മെൻസ്ട്രൽ കപ്പ് വിതരണം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർഹിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ 53 സ്പിൽഓവർ പദ്ധതികളും 44 പുതിയ പദ്ധതികളും ഉൾപ്പെടെ 97പദ്ധതികളിൽ 56 എണ്ണം മാത്രമെ ഓഡിറ്റു വർഷം ചെലവു വന്നിട്ടുള്ളു. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. നഗരസഞ്ചയഫണ്ട് ഉപയോഗപ്പെടുത്തി മൂന്നു് പൊതുകുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണ ഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

വാർഷികപദ്ധതി വിലയിരുത്തൽ

വിഇഒ, അസി.എഞ്ചിനീയർ, ഡയറി ഫാം ഇൻസ്ട്രക്ടർ, മെഡിക്കൽ ഓഫീസർ (സി എച്ച് സി) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്റ്റ് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 30.99% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വലിയതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ലോൺ, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ വളരെ കുറവായതിനാലാണ് വി.ഇ.ഒയുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

സഞ്ചിതനിധിയിലേയ്ക്ക് 96.53 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു.

സാങ്കേതിക കാരണങ്ങളാൽ അസി.എഞ്ചിനീയർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും

ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 96.53 ലക്ഷം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

ഗ്രാന്റ്-ഇനം	അലോട്ട്മെന്റ്/ വരവ്	ചെലവ്	ലാപ്സായ തുക(സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക)
വികസന ഫണ്ട്-ജനറൽ	19003000	13616303	5386697
വികസന ഫണ്ട്-എസ് സി പി	2872000	2260845	611155
മെയിന്റനൻസ് ഗ്രാന്റ്-Road	9957350	7467454	2489896
മെയിന്റനൻസ് ഗ്രാന്റ്-Non Road	4853400	3688226	1165174
ആകെ	36685750	27032828	9652922

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	9063	1355016	1364079	1364079	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് , മെറ്റീരിയൽ ബിൽ ഉൾപ്പെടെ	0	39057937	39057937	39057937	0
ആസ്തി സൃഷ്ടിച്ചത്	0	5425631	5425631	5425631	0
ആകെ	9063	45838584	45847647	45847647	0

29.12.2022 ലെ ഭരണസമിതി യോഗത്തിലെ 387/2022 (17) നമ്പർ തീരുമാന പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും അംഗീകരിച്ചിട്ടുണ്ട്.

2023-24 ഒന്നാം ഘട്ട സോഷ്യൽ ഓഡിറ്റ് ഫീൽഡ് പരിശോധനാ റിപ്പോർട്ട് പ്രകാരം 78 പ്രവർത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല. പ്രസ്തുത അപാകം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. 2023-24 രണ്ടാം ഘട്ട സോഷ്യൽ ഓഡിറ്റ് ഫീൽഡ് പരിശോധനാ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല.

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	6913000	526
വിധവാ പെൻഷൻ	14464700	1220
വാർദ്ധക്യകാല പെൻഷൻ	25957100	2356
ഭിന്നശേഷി പെൻഷൻ	5284400	421
50 വയസ്സ് കഴിഞ്ഞ	1179200	102

അവിവാഹിതകൾക്കുള്ള പെൻഷൻ		
വിവാഹ ധനസഹായം	240000	3

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-06-2024 ന് ഉച്ചക്ക് 12-20 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 5394/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്.
ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി,ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി, ലൈസൻസ് ഫീസ് നിർണ്ണയത്തിലും അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

വാർഷിക കണക്കുമായി ബന്ധപ്പെട്ടുള്ള പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാനുവലിലെ വ്യവസ്ഥകൾക്കുനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. എന്നാൽ പ്രോജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ടോ എന്ന് പ്രതിമാസ യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും (അസിസ്റ്റന്റ് എൻജിനീയർ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല) ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങൾക്കുള്ള ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി പിഴ ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കാലതാമസം മെച്ചപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 2023 മെയ്, ജൂലായ്, ആഗസ്ത്, ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, മാലിന്യമുക്ത നവകേരള ക്യാമ്പയിൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1-12 വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങളിലെ കാലതാമസം വരുമാനനഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട് വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മയ്യിൽ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ട ഫീൽഡ് പരിശോധന പോലും ഇതുവരെ ആരംഭിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി നം.29/25.06.24) കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുന്നതിന് സിവിൽ എൻജിനീയറിങ് ഡിപ്ലോമ/ഐ ടി ഐ ഡ്രാഫ്ട്സ്മാൻ, സർവേയർ എന്നിവയിൽ കുറയാത്ത ഉദ്യോഗാർഥികളുടെ അപേക്ഷയിൽ നിന്നും 12 പേരെ തെരഞ്ഞെടുത്തുവെന്നും പക്ഷെ സർക്കാർ നിശ്ചയിച്ച ഒരു കെട്ടിടത്തിന് 30/- രൂപ നിരക്കിൽ പ്രസ്തുത പ്രവൃത്തി ചെയ്യാൻ ആരും തന്നെ തയ്യാറാവാത്ത അവസ്ഥയാണുണ്ടായതെന്നും ഇത്തരത്തിൽ ഉദ്യോഗാർത്ഥികളുടെ അഭാവം കാരണം ഫീൽഡ് പരിശോധന ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നും മറുപടി അറിയിച്ചു. ഉദ്യോഗാർത്ഥികൾ ലഭ്യമാകാത്ത സാഹചര്യം ഭരണസമിതി ചർച്ച ചെയ്യേണ്ടതും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ലെങ്കിൽ അത് നികുതി ശോഷണത്തിനും വരുമാനനഷ്ടത്തിനും കാരണമാകും. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരിക്കുന്നതിനും സഞ്ചയയിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

1-13 വസ്തു നികുതി പരിഷ്ക്കരണം - പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോഴുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ 2023-24 വർഷം മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന് ബാധകമാകേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സർക്കാർ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്കുള്ള കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ)	ഏറ്റവും കൂടിയ നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന്	6	10

	ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ		
2	പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ	8	12
3	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ	40	70
4	ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	55	75

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി മയ്യിൽ ഗ്രാമപഞ്ചായത്ത് 22.07.2023 തീയതിയിൽ 119/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 8, 40, 55 എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും തമ്മിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കണ്ടെത്തിയിരുന്നു. പ്രത്യേക പാർപ്പിടാവശ്യങ്ങൾക്കുള്ള കാർട്ടേഴ്സുകൾക്കും അപ്പാർട്ട്മെന്റുകൾക്കും പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഓഡിറ്റ് എൻകൃയറികൾ 19/24.06.24, 28/25.06.24 പ്രകാരം ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാലുള്ള വരവ് നഷ്ടം അറിയിക്കുകയും കുറവ് വന്ന 69360/- രൂപ ഈടാക്കുകയുമുണ്ടായി (ഭാഗം-4 കാണുക). 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളുടെയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങളുടെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

1-14 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി.

സഞ്ചയ സോഫ്ട്വെയർ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.
1.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ സോഫ്ട്വെയർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ/ ഉടമയുടെ പേര്	തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ)	രേഖപ്പെടുത്തിയ ഗണം	നികുതി ഒഴിവാക്കാനുള്ള കാരണം
1	8/133A	മൂലക്കോയോട്ട് സാവിത്രി	95(താഴത്തെ നില)	നികുതി, ഉപനികുതി	രേഖപ്പെടുത്തിയിട്ടില്ല

				എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	
2	9/83	വലിയവളപ്പിൽ പാറു	50(താഴത്തെ നില),639.42(ഒന്നാം നില), 639.42(രണ്ടാം നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
3	10/167	എ.പി മുഹമ്മദ് കുഞ്ഞി	83.7(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
4	11/389	മൂലയിലകത്ത് സാറുമ്മ	87.36(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
5	13/101	കൈപ്പയിൽ പുതിയപുരയിൽ ജമീല	85.54(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
6	14/485	സെക്രട്ടറി സി പി ഐ എം കയരളം ലോക്കൽ കമ്മറ്റി	75(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
7	16/393	പുഴക്കര സജേഷ്	84.18(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
8	16/468	പി യം സരസ്വതി അമ്മ	72.75(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
9	16/572	തുണ്ടിക്കണ്ടി രാമചന്ദ്രൻ	118.98(താഴത്തെ നില),44.8 (ഒന്നാം നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
10	6/91A	പ്രോജക്ട് ഓഫീസർ ഐ ടി ഡി പി കണ്ണൂർ	1028.58(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല

2.വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത

കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ)	ഉടമസ്ഥന്റെ പേര്	നികുതി ഒഴിവാകാനുള്ള കാരണം
1	5/449	താഴത്തെ നില (91.35ച മീ)	കച്ചേരി വളപ്പിൽ കുഞ്ഞപ്പനായർ	രേഖപ്പെടുത്തിയിട്ടില്ല
2	8/105	താഴത്തെ നില (90ച മീ)	ചേലോറ വടക്കേവീട്ടിൽ സജിത്ത്	രേഖപ്പെടുത്തിയിട്ടില്ല
3	8/143	താഴത്തെ നില (80ച മീ), ഒന്നാം നില (9ച മീ)	1.തുരുത്തുമ്മൽ മാധവി 2. ശൈലജ 3.രത്നമണി 4. പ്രദീപൻ 5.പ്രമീള 6.പ്രീത 7.പ്രസാദ് 8. പ്രീജ	രേഖപ്പെടുത്തിയിട്ടില്ല
4	8/304	താഴത്തെ നില (74ച മീ)	ചെട്യാൻകണ്ടി കുഞ്ഞിരാമൻ	രേഖപ്പെടുത്തിയിട്ടില്ല
5	8/408	താഴത്തെ നില (79ച മീ	പുത്തൻപുരയിൽ ആലംവളപ്പിൽ തറമ്മൽ ശാന്ത	രേഖപ്പെടുത്തിയിട്ടില്ല
6	11/167	താഴത്തെ നില (77.5ച മീ)	കോക്കാമ്പേത്ത് കമലാക്ഷി	രേഖപ്പെടുത്തിയിട്ടില്ല
7	11/185	താഴത്തെ നില (92.56ച മീ)	ചേരിക്കൽ നാരായണൻ	രേഖപ്പെടുത്തിയിട്ടില്ല
8	12/227	താഴത്തെ നില (70ച മീ)	1.കെ ചന്ദ്രൻ 2.രാജൻ	രേഖപ്പെടുത്തിയിട്ടില്ല
9	12/510	താഴത്തെ നില (75.7ച മീ)	മഠത്തിലെ വളപ്പിൽ ദാമോദരൻ	രേഖപ്പെടുത്തിയിട്ടില്ല
10	13/9	താഴത്തെ നില (73.96ച മീ)	പുതിയപുരയിൽ മോഹനൻ	രേഖപ്പെടുത്തിയിട്ടില്ല
11	13/64	താഴത്തെ നില (70.325ച മീ)	പുതിയപുരയിൽ ദാമോദരൻ	രേഖപ്പെടുത്തിയിട്ടില്ല
12	13/276	താഴത്തെ നില (91.2ച മീ)	മുരിക്കുംഞ്ചേരി ശ്രീദേവിഅമ്മ	രേഖപ്പെടുത്തിയിട്ടില്ല
13	13/367	താഴത്തെ നില (88.29ച മീ)	1.എ കെ ചന്ദ്രമതി 2.നളിനി 3.പുഷ്പവതി 4.ലളിത 5.ഗീത 6.സദാനന്ദൻ	രേഖപ്പെടുത്തിയിട്ടില്ല
14	14/411	താഴത്തെ നില (79ച മീ)	ഉറുവയിൽ കുഞ്ഞിരാമൻ	രേഖപ്പെടുത്തിയിട്ടില്ല
15	15/488	താഴത്തെ നില (143.56ച മീ),	കോയാടൻ ചാത്തോത്ത് ദേവി അമ്മ	രേഖപ്പെടുത്തിയിട്ടില്ല

		ഒന്നാം നില (40ച മീ)		
16	18/242	താഴത്തെ നില (92.8ച മീ)	തിക്കൽ കുഞ്ഞിക്കണ്ണൻ	രേഖപ്പെടുത്തിയിട്ടില്ല
17	18/517	താഴത്തെ നില (87.64ച മീ), ഒന്നാം നില (28.7ച മീ)	തിക്കൽ കുഞ്ഞിരാമൻ	രേഖപ്പെടുത്തിയിട്ടില്ല

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം രേഖകൾ സഹിതം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (ഓഡിറ്റ് എൻകൃയറി നം.11/22.06.24) മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുന്നതിന് വാർഡ് ചുമതലയുള്ള ക്ലർക്കുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നികുതി ചുമത്തേണ്ട കെട്ടിടങ്ങളാണെങ്കിൽ വസ്തു നികുതി പുനഃസ്ഥാപിച്ചു കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകി. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-15 അനധികൃതനിർമ്മാണമായ സാറ്റ്കോസ് ഓഡിറ്റോറിയം ക്രമവൽക്കരണ നടപടികൾക്ക് കാലതാമസം-കോംബൗണ്ടിങ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളത് 92,13,593 രൂപ

വിവാഹചടങ്ങുകളും മറ്റ് പ്രധാന പരിപാടികളും നടത്തപ്പെടുന്ന ശ്രീകണ്ഠാപുരം റെയിഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം (സാറ്റ്കോസ്) ഓഡിറ്റോറിയം 2014-15 മുതൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെട്ടതും (അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം കെട്ടിട നമ്പർ 6/5/UA/2014-15) ആയത് ഈ കാലയളവ് വരെ ക്രമവൽക്കരിക്കാത്തതുമാണ്. ജില്ലാ നഗരാസൂത്രകന്റെ 01.10.22 ലെ ഉത്തരവ് നമ്പർ TCPKNR/780/2022-C പ്രകാരം ഗ്രൂപ്പ് ഡി അസംബ്ലി ഉപയോഗ ഗണത്തിൽപ്പെടുന്ന ഓഡിറ്റോറിയം കോംബൗണ്ടിങ് ഫീസ് ഇനത്തിൽ 9213593 രൂപ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 50% റെഗുലറൈസേഷൻ ഫീ ഇളവ് നൽകണമെന്നാവശ്യപ്പെട്ട് സാറ്റ്കോസ് പ്രസിഡണ്ട് 01-08-2023-ന് തദ്ദേശ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയക്കുകയും പ്രസ്തുത കത്തിന്മേൽ അഭിപ്രായം അറിയിക്കുന്നതിന് ബഹു പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇളവ് അനുവദിക്കുന്നതിന്റെ ഫലമായി തനതു വരുമാനത്തിൽ നഷ്ടം ഉണ്ടാകുന്നതിനാൽ ഇളവ് നൽകുന്ന തീരുമാനത്തിൽ വിയോജിപ്പ് അറിയിച്ച് സെക്രട്ടറിയുടെ 27-12-2023-ലെ നമ്പർ 401052/GADC01/GPO/2023/8737/(4) കത്ത് പ്രകാരം തദ്ദേശ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(21/24.06.24) 50% ഇളവ് റഗുലറൈസേഷൻ ഫീസിനത്തിൽ നൽകിയാൽ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുമെന്ന് കാണിച്ച് നൽകിയ കത്തിന് ഭരണസമിതിയുടെ അംഗീകാരമുണ്ടോയെന്ന് തദ്ദേശ വകുപ്പ് (ആർ ബി) സ്പെഷ്യൽ സെക്രട്ടറി 25.3.2024 ലെ ആർ.ബി2/503/2022/തസ്വഭവ കത്തിലൂടെ ആരായുകയും പ്രസ്തുത തീരുമാനത്തിന് ഭരണ സമിതി അംഗീകാരമില്ലായെന്ന് പഞ്ചായത്ത് 9.4.2024 ലെ 2363 നമ്പർ കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്നുള്ള തീരുമാനം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതും കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കേണ്ടതുമാണ്.

1-16 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2023-24 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.മക്ക ഹൈപ്പർമാർക്കറ്റ്, മക്ക ഗോൾഡ് ആൻഡ് ഡയമണ്ട് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമല്ല. തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപന

ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2. എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ (ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം) നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപന ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിലെ ക്രമ.നം.	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	ജോലിക്കാരുടെ എണ്ണം (അപേക്ഷയിൽ രേഖപ്പെടുത്തിയത്)
50	7/742,743,744	മന്ത്ര മോട്ടോർസ്	6
74	7/267	ഡെക്കാൻ അസ്സോസിയേറ്റ്സ്	2
162	15/517B	ഇശാങ്ക ഫ്യൂവൽസ്	6(3 പേർ അടച്ചിട്ടുണ്ട്)
573	6/414A	എ ജെ ഗാർമെൻറ്സ്	6
576	6/725	സെൻട്രൽ ഹോട്ടൽ	5

3.1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ,വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ വിഭാഗം പ്രോഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി നം.13 /22.06.24) മക്ക ഹൈപ്പർമാർക്കറ്റ്, മക്ക ഗോൾഡ് ആൻഡ് ഡയമണ്ട് എന്നീ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിന് റിട്ടേൺ ഫോം നൽകിയിട്ടുണ്ടെന്നും പരാമർശം 2 ൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പരാമർശം 3 ൽ പ്രതിപാദിച്ച ജീവനക്കാരുടെ ഡാറ്റ ബേസ് നടപ്പ് വർഷം മുതൽ തയ്യാറാക്കുന്നതുമാണെന്നുള്ള മറുപടി ലഭ്യമാക്കി. പരാമർശം 1, 2 എന്നിവയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതുമാണ്.

1-17 ലൈസൻസ് ഫീസ് രജിസ്റ്ററിലെയും സഞ്ചയയിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം പരിശോധനാ വിധേയമാക്കേണ്ടതാണ്

മയ്യിൽ ഗ്രാമപഞ്ചായത്തിൽ 2023-24 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കണ്ടു. ടി കെട്ടിടങ്ങളുടെ ഉപയോഗക്രമവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻകയറിക്ക്(3/20.06.2024) നൽകിയ മറുപടി പരിശോധിച്ചത് പ്രകാരം കൂടുതൽ വിശദീകരണം ആവശ്യമായവയുടെ വിവരം ചുവടെ കൊടുക്കുന്നു

ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപന ഉടമയുടെ പേര്	സ്ഥാപന വിവരം	വാർഡ്/ കെട്ടിട നമ്പർ	സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം	ലഭ്യമാക്കിയ മറുപടി
140	നാരായണൻ	വേളം	6/28	പാർപ്പിടാവശ്യം	കൃത്യമായ

	പി വി	ബ്രോയിലർ ചിക്കൻ ഫാം			കെട്ടിട നമ്പർ നൽകുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്
158	ജനാർദ്ദനൻ കെ	മെം സ്റ്റോർ	14/91A,91B	സഞ്ചയയിൽ ലഭ്യമല്ല	കൃത്യമായ കെട്ടിട നമ്പർ നൽകുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്

വസ്തു നികുതി നിർണ്ണയിക്കപ്പെടുന്നതിലേക്കായി എല്ലാ കെട്ടിടങ്ങളും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗക്രമത്തിനനുസരിച്ച് തരം തിരിക്കപ്പെടേണ്ടതാണ്. ആയതിനാൽ മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമത്തിന്റെ നിജസ്ഥിതി ഫീൽഡ് പരിശോധനയിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ മാറ്റങ്ങൾ സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ചെയ്യേണ്ടതും ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തു നികുതി പിഴപ്പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 എഫ് ടി ഇ & ഒ എസ് ലൈസൻസ്,മറ്റ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദന മേഖല, സേവന മേഖല എന്നീ വിഭാഗങ്ങളിലുൾപ്പെടുത്തി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06-12-2017 തീയതിയിലെ 16-ാം നമ്പർ തീരുമാന പ്രകാരം മൂലധന നിക്ഷേപം 25 ലക്ഷത്തിൽ താഴെ വരുന്ന ഉൽപ്പാദനമേഖലയിലും 10 ലക്ഷത്തിൽ താഴെ വരുന്ന സേവന മേഖലയിലും ഉള്ള സംരഭങ്ങൾക്ക് ലൈസൻസ് ഫീസ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം നിർണയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച പരമാവധി ഫീസാണ് ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

സേവന മേഖല

A. 1 ലക്ഷം വരെ - 100 രൂപ
B. 1 മുതൽ 2 ലക്ഷം വരെ - 200 രൂപ
C. 2 മുതൽ 3 ലക്ഷം വരെ- 300 രൂപ
D. 3 ലക്ഷത്തിനു മുകളിൽ - 500 രൂപ

ഉൽപ്പാദനമേഖല

A. 5 ലക്ഷം വരെ - 100 രൂപ
B. 5 മുതൽ 10 ലക്ഷം വരെ - 200 രൂപ
C. 10 മുതൽ 15 ലക്ഷം വരെ- 300 രൂപ
D. 15 മുതൽ 25 ലക്ഷം വരെ - 500 രൂപ

A.**തീരുമാനത്തിലും ചട്ടങ്ങളിലും ഇല്ലാത്ത ലൈസൻസ് ഫീ ഈടാക്കി.**

ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് (സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ ചുമത്താവുന്നതാണെന്ന ഭരണസമിതി തീരുമാനപ്രകാരം) യഥാക്രമം 500, 1000, 5000, 10000, 15000 രൂപ നിരക്കിലാണ്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും 4000 രൂപ, 2000 രൂപ എന്നീ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ (ഓഡിറ്റ് എൻകൃയറി നമ്പർ 2/20.06.2024) മറുപടി പരിശോധിച്ച് കുറവ് വന്ന തുക ഈടാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ	കെട്ടിട നമ്പർ	ഉടമയുടെ പേര്/സ്ഥാപന വിവരം	ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ)/ ബിൽ നമ്പർ/ തീയ്യതി

392	7/622 B,C	മുഹമ്മദ് കെ പി, ഫ്ലോറ്റ് ഗ്രൂപ്പ്	2000/1220404284 /29.03.23

ലൈസൻസ് ഫീസ് പട്ടികയിൽ ഇല്ലാത്ത 2000 രൂപ ഈടാക്കിയത് ക്ലറിക്കൽ തെറ്റ് മൂലമാണെന്നും യഥാർത്ഥത്തിൽ 5000 രൂപയാണ് ഈടാക്കേണ്ടതെന്നും ടി സ്ഥാപനത്തിൽ നിന്നും കുറവ് വന്ന 3000 രൂപ ലൈസൻസ് ഫീ അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻകയറിക്ക് മറുപടി നൽകിയിട്ടുണ്ട്. മൂലധന നിക്ഷേപം ഉറപ്പ് വരുത്തി ഉചിതമായ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

B.ക്രമപ്രകാരമുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ട്രേഡേർസ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ചെയ്തത് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ 2023-24 ലൈസൻസ് രജിസ്റ്റർ പ്രകാരം 741 ട്രേഡർമാരാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. 2023-24 ലൈസൻസ് രജിസ്റ്ററിൽ തന്നെയാണ് ട്രേഡേർസിന്റെ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. (വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാലും ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവത്താലും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ലൈസൻസ് ചട്ട ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കുന്നതിന് കാരണമാകുന്നു.)

C.ഉയർന്ന മൂലധനനിക്ഷേപമുള്ള പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കി വരുന്ന തുക പരിമിതമാണ്.

ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ	പേര്, സ്ഥാപന വിവരം	മൂലധന നിക്ഷേപം	ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ)
162	ഐശ്വര്യ കെ ഇശാങ്ക ഫ്യുവൽസ്	മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല	5000
213	മനാഫ് പി വി മക്ക ഹൈപ്പർമാർക്കറ്റ്	മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല	5000
89	ഷഫീഖ് കെ കെ നാച്ചുറൽ സ്റ്റോൺ ക്രഷർ	മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല	2000

മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത് സംബന്ധിച്ചുള്ള മേൽ അപാകങ്ങൾക്ക് നൽകിയ 2/20.06.2024 പ്രകാരമുള്ള ഓഡിറ്റ് എൻകയറിക്ക് ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. കൂടുതൽ മൂലധന നിക്ഷേപം ഉള്ള നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ടെങ്കിലും ലൈസൻസ് ഫീ കുറഞ്ഞ പരിധിയിൽ ഈടാക്കുന്നത് മൂലം വരവ് നഷ്ടം സംഭവിക്കുന്നു. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ മൂലധനം സംബന്ധിച്ച് ശരിയായ വിവരം ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച നിരക്കിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

D.2022-23 വർഷം ഡോഗ് ലൈസൻസ്,ടൂട്ടോറിയൽ ലൈസൻസ് എടുത്ത എല്ലാവരിൽ നിന്നും 2023-24 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 വർഷം 177 അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും 2023-24 കാലയളവിൽ 68 അപേക്ഷകളിലാണ് ലൈസൻസ് നൽകിയിട്ടുള്ളത്. 2022-23 കാലയളവിൽ ടൂട്ടോറിയൽ ലൈസൻസ് എടുത്ത സി ടെക്ക് കമ്പ്യൂട്ടർ കോളേജ് എന്ന സ്ഥാപനം 2023-24 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി 2022-23 വർഷം ലൈസൻസ് അനുവദിച്ചതും 2023-24 വർഷം ലൈസൻസ് പുതുക്കാത്തതുമായ എല്ലാവർക്കും വീണ്ടും നോട്ടീസ് അയച്ച് ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു. ലൈസൻസ് പുതുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

എൽ.എസ്.ജി.ഡി-ആർ ഡി 1/47/2022 തീയതി 01.8.2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ്

നേടിയിരിക്കേണ്ടത് സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.
1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക.
2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക.
3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയുള്ള കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല.
ഗ്രാമപഞ്ചായത്ത് പരിധിയിലെ ഈ ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം ലൈസൻസ് രജിസ്റ്ററിലില്ല. പ്രസ്തുത കാറ്റഗറിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചതിന്റെയും ലൈസൻസ് ഈടാക്കിയതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (ഓഡിറ്റ് എൻകൗയറി നം.2/20.06.24) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വോൾവറൈൻസ്, മസ്സിൽ മോൺസ്റ്റർ, മിക്സ് സിക്സ് എന്നീ ജിംനേഷ്യങ്ങൾക്ക് ലൈസൻസ് നേടുന്നതിനായി കത്ത് നൽകിയതായി മറുപടി അറിയിച്ചു. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കേണ്ടതും ലൈസൻസ് നേടിയ വിവരം അറിയിക്കേണ്ടതുമാണ്.

1-20 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും മുറിച്ച മരങ്ങൾ ലേലം ചെയ്തില്ല.

1. മയ്യിൽ ഗ്രാമപഞ്ചായത്ത് മൃഗാശുപത്രി കോംബൗണ്ടിൽ സ്ഥിതി ചെയ്യുന്ന തേക്ക് മരം പരസ്യ ലേലം ചെയ്ത് നൽകുന്നതിന് 06.11.2023 ന് ലേല തീയതി പ്രഖ്യാപിച്ച് 30.10.2023-ന് നോട്ടീസ് നൽകിയെങ്കിലും ലേല നടപടികൾ നടന്നതായി രേഖകളിൽ ഇല്ല. കണ്ണൂർ സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസെർവേറ്ററുടെ 4.09.2023 ലെ KFDDO/13826/2023-DFOSFKNR/B പ്രകാരം മരം മുറിക്കുന്നതിന് അനുമതി നൽകുകയും വാലുവേഷൻ റിപ്പോർട്ട് (തേക്കിന്റെ ആകെ വില 13385 രൂപ) നൽകുകയും ചെയ്തിരുന്നു. മരം ഇതുവരെ ലേലം ചെയ്തിട്ടില്ല.
2. ഗ്രാമപഞ്ചായത്തിലെ 18 വാർഡിൽ പെട്ട ആയുർ മുനമ്പ് നാണിശ്ശേരിക്കടവ് തീരദേശ റോഡ് പ്രവർത്തനം നടക്കുന്ന സ്ഥലത്തെ 8 റബ്ബർ മരങ്ങൾ, 4 തെങ്ങുകൾ, 1 മാവ് എന്നിവയുടെ വില (8 റബ്ബർ മരങ്ങളുടെ വില-7056 രൂപ, തെങ്ങുകളുടെയും മാവിന്റെയും വില രേഖപ്പെടുത്തിയിട്ടില്ല) നിർണയത്തിന് 21.07.23 നു സെക്രട്ടറി നൽകിയ 401052 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കോൺസെർവേറ്റർക്ക് കത്ത് അയക്കുകയും 14.09.2023 ലെ ഉത്തരവ് KFDDO/12903/2023-DFOSFKNR/B പ്രകാരം മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുകയും റബ്ബർ മരങ്ങളുടെ വില നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച അനന്തരനടപടികൾ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (ഓഡിറ്റ് എൻകൗയറി നം.47/28.06.24) പരാമർശം 1 ന് ലേല നടപടികളിൽ ആരും പങ്കെടുക്കാത്തതിനാൽ റീ വാലുവേഷന് കത്ത് നൽകിയിട്ടാണുള്ളതെന്നും പരാമർശം 2 ൽ പ്രതിപാദിച്ച റബ്ബർ മരങ്ങളും തെങ്ങുകളും മാവും താരതമ്യേന ചെറിയതും ഇപ്പോൾ ജീർണ്ണാവസ്ഥയിലുമായതിനാൽ ലേലം നടത്തുന്നത് പ്രായോഗികമല്ലായെന്നും മറുപടി നൽകി. പരാമർശം 1 ൽ പ്രതിപാദിച്ച മരത്തിന്റെ തുക പുനർനിർണ്ണയിച്ചു കിട്ടുന്നമുറയ്ക്ക് ലേലം നടത്തി പഞ്ചായത്ത് അക്കൗണ്ടിൽ തുക മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-21 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ തുക തിരികെ ലഭിച്ചില്ല.

2023-24 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് 863840/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം	വൗച്ചർ നമ്പർ	തീയതി	മാസം	ഒടുക്കിയ തുക
1	22300069	28-04-2023	03/23	94634
2	22300124	17-05-2023	04/23	94634
3	22300211	17-06-2023	05/23	94634
4	22300298	14-07-2023	06/23	94634
5	22300433	21-08-2023	07/23	60663
6	22300537	16-09-2023	8/23	60663
7	22300628	16-10-2023	09/23	60663
8	22300743	18-11-2023	10/23	60663
9	22300867	26-12-2023	11/23	60663
10	22300973	16-01-2024	12/23	60663
11	22301067	12-02-2024	01/24	60663

12	22301227	14-03-2024	2/24	60663
	ആകെ			863840

11-05-2023, 12-05-2023 എന്നീ തീയ്യതികളിൽ നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം 78 പൊതു ടാപ്പുകളിൽ നിന്നും ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം 50 എണ്ണമായി കുറഞ്ഞിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് 05/23, 06/23, 07/23 മാസങ്ങളിൽ 78 പൊതു ടാപ്പുകളുടെ വെള്ളക്കരം തന്നെയാണ് ഒടുക്കിയിട്ടുള്ളത്. വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം 40/27-06-2024) അധികം നൽകിയ തുക ക്രമീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. കേരള വാട്ടർ അതോറിറ്റിയിക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-22 മുൻകൂറുകൾ ക്രമീകരിക്കുന്നതിലെ കാലതാമസം.

ഗ്രാമ പഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2017 മുതൽ നല്കിയ വിവിധ താത്കാലിക മുൻകൂറുകൾ നാളിതുവരെയായും ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വൌച്ചർ നം./ തീയതി	ഇനം	തുക
1	216001281/20-03-2017	സാക്ഷരത പ്രേരക് ഹോണറേറിയം	12000
2	21600128220-03-2017	സാക്ഷരത പ്രേരക് ഹോണറേറിയം	12000
3	21700056/20-04-2017	സാക്ഷരത പ്രേരക് ഹോണറേറിയം	12000
4	21700057/20-04-2017	സാക്ഷരത പ്രേരക് ഹോണറേറിയം	12000
5	22100043/13-04-2021	സാക്ഷരത പ്രേരക് ഹോണറേറിയം	11088
6	22100044/13-04-2021	സാക്ഷരത പ്രേരക് ഹോണറേറിയം	15840
7	22100062/19-04-2021	സാക്ഷരത പ്രേരക് ഹോണറേറിയം	8280
8	22100063/19-04-2021	സാക്ഷരത പ്രേരക് ഹോണറേറിയം	5808
9	22100152/24-05-2021	സാക്ഷരത പ്രേരക് ഹോണറേറിയം	9000
10	22100153/24-05-2021	സാക്ഷരത പ്രേരക് ഹോണറേറിയം	5808
11	22200432/03.09.2022	ഓണം അഡ്വാൻസ്	12000
	ആകെ		115824

മുൻ വർഷം അഡ്വാൻസായി അനുവദിച്ച തുക ക്രമീകരിക്കാതെ വീണ്ടും തുക അനുവദിച്ചിട്ടുണ്ട്. നാളിതുവരെയായും മേൽ പ്രകാരം മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ 41/27-06-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക ക്രമീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ക്രമീകരിക്കാൻ ബാക്കിയുള്ള ₹115824 ക്രമീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 കണ്ണൂർ വിവര സഞ്ചയിക-525686 രൂപ ചെലവഴിച്ചുവെങ്കിലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല - ₹525686-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ജില്ലയുടെ സമഗ്രവിവരങ്ങൾ വിവരങ്ങൾ സഞ്ചയിക മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന കണ്ണൂർ വിവര സഞ്ചയിക പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രൊജക്ട് നമ്പർ/പേര്	212/24, കണ്ണൂർ വിവര സഞ്ചയിക
അടങ്കൽ	1000000 -തനത് ഫണ്ട്
ചെലവ്	₹525686 22301257/23-03-2024- 499920 22300817/07-12-2023-18170 22300814/07-12-2023-4280 22300687/01-11-2023-500 22300710/21-02-2024-2816

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിന്റെ സഹായത്തോടെയാണ് അപ്ലിക്കേഷൻ തയ്യാറാക്കുന്നത്. പരിശീലനം നേടിയ സംഘങ്ങൾ ഇതിനായി വീടുകളിലും കെട്ടിടങ്ങളിലും സന്ദർശിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾ, വാടകയ്ക്ക് താമസിക്കുന്നവർ എന്നിങ്ങനെ വിവിധ ഭാഗങ്ങളായി സർവ്വേ നടത്തി, തൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തിക സ്ഥിതി, ലഭിക്കുന്ന ആനുകൂല്യങ്ങൾ, രോഗങ്ങൾ, വിദേശത്തുള്ളവർ തുടങ്ങിയ കാര്യങ്ങൾ അറിയുന്നതിനോടൊപ്പം ലോക്കേഷനും ശേഖരിക്കേണ്ടതുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്ത് സർവ്വേ നടപടികൾക്കായി താഴെ കൊടുത്ത വിവിധ ചെലവുകൾക്കായി ₹525686 ചെലവഴിച്ചിട്ടുണ്ട്.

ചെലവിനം	ചെലവഴിച്ച തുക
പ്രചാരണ ചെലവുകൾ	3316
പരിശീലന ചെലവുകൾ	22450
എന്യൂമറേറ്റർ-ഹോണറേറിയം (40 പേർക്ക്)	499920
ആകെ	525686

മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചുവെങ്കിലും ഡാറ്റ ഇതുവരെ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ച് നൽകിയ ഡാറ്റകൾ നിലവിൽ ഉപയോഗപ്രദമായ രീതിയിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (27/24-06-2024) മറുപടിയായി എന്യൂമറേറ്റർമാർ ശേഖരിച്ച ഡാറ്റാ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഡെപ്യൂട്ടി ഡയരക്ടർ, സാമ്പത്തിക സ്ഥിതി വിവരണകണക്ക് വകുപ്പ്, കണ്ണൂരിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്യൂമറേറ്റർമാർ ശേഖരിച്ച ഡാറ്റാ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ലഭ്യമാക്കാത്തതിനാൽ 525686 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല - ₹323176 ചെലവ് തടസ്സപ്പെടുത്തുന്നു.

അരിമ്പ്ര തട്ടുപറമ്പ് കൈവയൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഇലക്ടിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ, കൊളച്ചേരിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹11006 കെ എസ് ഇ ബി കൊളച്ചേരി സെക്ഷനും നിരന്തോട് ടൗണിൽ -ചെക്കോട് റോഡിൽ സ്ഥിതി ചെയ്യുന്ന കെ എസ് ഇ ബി എൽ ന്റെ നിരന്തോട് ട്രാൻസ്ഫോമർ നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്നും പഞ്ചായത്ത് കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി വയ്ക്കുന്നതിനു കെ എസ് ഇ ബി മയ്യിലിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹312170-യും നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര്	200/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	294/24, നിരന്തോട് ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ
അടങ്കൽ	₹316986 തനത് ഫണ്ട്	312170 -തനത് ഫണ്ട്
ചെലവ്	₹11006 ബിൽ നമ്പർ : 5112707201230049/15-12-2023	₹312170 5112707201230089/15-03-2024

പ്രസ്തുത തുകകൾ നൽകിയപ്പോൾ വൈദ്യുത വിഭാഗവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (25/24-06-2024) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബിയുടെ 08-02-2024 തീയതിയിലെ കത്തിൽ സാധനസാമഗ്രികളുടെ വിലയിലും വേതനത്തിൽ വർദ്ധനവും 48435 രൂപ കൂടി അധികം അടക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിന് 2024-25 വർഷം പ്രൊജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. അരിമ്പ്ര തട്ടുപറമ്പ് കൈവയൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ,കൊളച്ചേരിയുമായി ഒപ്പുവെച്ച കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിരന്തോട് ടൌണിൽ-ചെക്കോട് റോഡിൽ സ്ഥിതി ചെയ്യുന്ന കെ എസ് ഇ ബി എൽ ന്റെ നിരന്തോട് ട്രാൻസ്ഫോമർ നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്നും പഞ്ചായത്ത് കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി വയ്ക്കുന്നതിനു കെ എസ് ഇ ബി മയ്യിലുമായി കരാർ വെച്ചതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്. (സ.ഉ.കൈ നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 12-2(2) കാണുക). ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് സംബന്ധിച്ച തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 09.03.22ലെ ഡി.എ.64/22, 10.07.22ലെ ഡി.എ.179/22 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൃത്യമായ നടപ്പിലാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്താനും നിർദേശിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, കരാർ വെച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹323176 (₹11006+₹312170) -യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 അംഗൻവാടികൾക്ക് കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ- വിനിയോഗവിവരം ലഭ്യമല്ല - 681800രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ പൊയ്യൂർ, വള്ളിയോട്ട് വയൽ, പെരുവങ്ങൂർ, ഇരുവാപ്പുഴ നമ്പ്രം, ഒറപ്പൊടി, കിണിയാട്ട് ചാൽ എന്നീ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുന്നതിനായി ജില്ല ഭൂജല ഓഫീസർ, കണ്ണൂരിന്റെ എസ്റ്റിമേറ്റ് പ്രകാരം ₹681800 ഡെപ്പോസിറ്റ് പ്രവൃത്തിയനങ്ങൾ ജില്ല ഭൂജല ഓഫീസിന്റെ അക്കൌണ്ടിലേക്ക് (719011400000020) താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര്	213/24 കുഴൽ കിണറിന് മോട്ടോർ
അടങ്കൽ	₹681800 ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	₹681800 295/04-01-2024 (എസിആർ പ്രകാരം)

മേൽ പ്രോജക്ട് പൂർത്തിയാക്കുകയോ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (24/25-06-2024) മറുപടിയായി കുഴൽ കിണറിന് മോട്ടോർ സ്ഥാപിക്കുന്ന പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ലെന്ന് ഓഫീസിൽ വിളിച്ചപ്പോൾ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹681800-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഐ കെ എം ന് അടക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹74355-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യുട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് (57047023512) താഴെപ്പറയും പ്രകാരം₹74355 ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

നിർവ്വഹണ	സെക്രട്ടറി

ഉദ്യോഗസ്ഥൻ	
പ്രൊജക്ട് നമ്പർ/പേര്	2/24 ഐ കെ എം ന് അടക്കേണ്ട വിഹിതം
അടങ്കൽ	₹74355 വികസനഫണ്ട്
ചെലവ്	₹74355 ബിൽ നമ്പർ : 49/ 19-06-2023(എ)സിആർ പ്രകാരം)

ഐ.കെ.എം.-ന് നൽകിയ മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 23/24-06-2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹74355യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എ ബി സി പദ്ധതിക്കായി കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ.ഉ (സാധാ) നം 2065/2022/ തസ്വഭവ തീയതി 23-08-2022 പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിയായ എ ബി സി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി താഴെപ്പറയും പ്രകാരം ₹100000 ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര്	215/24, എ ബി സി പ്രോഗ്രാമിന് തുക വകയിരുത്തൽ
അടങ്കൽ	100000 -തനത് ഫണ്ട്
ചെലവ്	₹100000 ബിൽ നമ്പർ:5112707201230024/13-09-2023

മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും എ ബി സി പ്രവർത്തനം മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. ആയതു പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ വിവരം, ഇതേ വരെ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/24-06-2024) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കൽ പ്രവൃത്തി പാതിവഴിയിൽ- 2023-24 സാമ്പത്തികവർഷത്തെ ₹33,844/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ താലൂക്ക് സർവെയർ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിന് വേണ്ടി 2021-22 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച ആസ്തിസംരക്ഷണവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കൽ എന്ന പ്രോജക്ടിൽ (251/22) 2022-23 സാമ്പത്തികവർഷം 2,11,437/-രൂപയും (സ്പിൽ ഓവർ പ്രോജക്ട് നമ്പർ-50/23) 2023-24 സാമ്പത്തിക വർഷം 33,844/-രൂപയും ചെലവഴിക്കുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ	172/24 (സ്പിൽ ഓവർ)
പ്രൊജക്ടിന്റെ പേര്	ആസ്തിസംരക്ഷണവുമായി ബന്ധപ്പെട്ട ചെലവുകൾ
എസ്റ്റിമേറ്റ് തുക/അടങ്കൽ തുക	₹5,00,000 (തനത് ഫണ്ട്)
പി എ സി തുക	₹4,31,950
ചെലവ് തുക	₹2,11,437 (2022-23 സാമ്പത്തികവർഷത്തിൽ

	50/23 എന്ന പ്രോജക്ടിൽ ചെലവഴിച്ച തുക) ₹33,844 (2023-24 സാമ്പത്തികവർഷത്തെ ചെലവ് തുക)
വൗച്ചർ നമ്പർ,തീയതി	**94/25-07-2023 (തനത് ഫണ്ട് എ സി ആർ പ്രകാരം)-₹33,844**
കരാറുകാരന്റെ പേര്	വിജയൻ.കെ
കരാർ നമ്പർ,തീയതി.	MGP/AE/01/2022-23തീയതി 05-04-2022
കരാർ കാലാവധി	6 മാസം,04-10-2022
എം.ബുക്ക് നമ്പർ	01/2022-23

പ്രോജക്ട് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ

ക്രമനമ്പർ	ചെലവ് വിവരം	തുക	കരാറുകാരന്റെ പേര്
1	കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിക്കൽ പ്രവൃത്തി	197171	വിജയൻ.കെ (163327/-രൂപ 2022-23സാമ്പത്തിക വർഷത്തിലും 33,844/-രൂപ 2023-24 സാമ്പത്തികവർത്തിലും നൽകിയിട്ടുണ്ട്)
₹2.00	ഡിജിറ്റൽ സർവെ (ജി-പ്ലാൻ ബിൽഡിംഗ് ഡിസൈനേർസ് & കോൺട്രാക്ടേർസ്,നെരുവമ്പ്രം)	39,000	ശ്രീ.ഗീരീഷ്.പി (2022-23സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക)
₹3.00	മറ്റ് ചെലവുകൾ (പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തൽ-തൊഴിലാളികൾക്കുള്ള കൂലി,ഭക്ഷണം മുതലായവ)	9110	ശ്രീ.അസൈനാർ എം.പി (2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക)
	ആകെ ചെലവഴിച്ച തുക	2,45,281	

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ആധികാരികമായി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനായ താലൂക്ക് സർവെയർക്ക് പകരം സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തിയതിന് കാരണം വ്യക്തമായിട്ടില്ല. ഇതു സംബന്ധിച്ച് കൃട്ടേഷൻ, കരാർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയിൽ ലഭ്യമല്ല. പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ താലൂക്ക് സർവെയർ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

2. പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയതിന്റെ AutoCAD And PDF Files With CD പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പ്രവൃത്തി നിർവഹണത്തിന്റെ ഭാഗമായി 125 കോൺക്രീറ്റ് പില്ലറുകൾ നിർമ്മിക്കുകയും അതിൽ 85 എണ്ണം സ്ഥാപിച്ചതായും ബാക്കി പില്ലറുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഇതുവരെ കാണിച്ച് തരാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും കൂലിയും അനുബന്ധചാർജുകളും വർദ്ധിച്ചതിനാൽ ബാക്കി പ്രവൃത്തി പൂർത്തികരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ബാക്കിയുള്ള 40 പില്ലറുകൾ ഏറ്റെടുത്തു പ്രസ്തുത പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിതരണമെന്ന് 09-08-2023 തീയതിയിലെ അസിസ്റ്റന്റ് എൻജീനീയർക്കുള്ള കത്തിൽ കരാറുകാരൻ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-09-2023 തീയതിയിലെ 134/23 നമ്പർ തീരുമാനമനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി പ്രകാരം ബാക്കിയുള്ള തൂണുകൾ സ്ഥാപിക്കുന്നതിന് താലൂക്ക് സർവെയർക്ക് കത്ത് നൽകുവാനും പ്രവൃത്തി 2023-24 സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുന്നതിന് കരാറുകാരനെ അറിയിക്കുവാനും തീരുമാനിച്ചിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തിയുടെ നിർവഹണം നടത്തിയ അസിസ്റ്റന്റ് എൻജീനീയർക്ക് ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്

(17/24-06-2024) മറുപടി നൽകിയത്.

പ്രോജക്ട് നിർവഹണത്തിൽ മേൽ അപാകങ്ങൾ ഉള്ളതിനാൽ തൻവർഷത്തെ 33,844/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 അസിസ്റ്റന്റ് എൻജീനീയറുടെ ട്രഷറി അക്കൗണ്ടിൽ കണക്കിൽപ്പെടാത്ത തുക അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ സബ് ട്രഷറി കൊളച്ചേരിയിലുള്ള സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-799011400002903) 79360/-രൂപ31.03.2024 ന് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത്. അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് നിശ്ചിതമാത്യകയിൽ എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ലഭ്യമല്ല.

അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ സബ് ട്രഷറി കൊളച്ചേരിയിലുള്ള സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 79,360/-രൂപ വളരെ മുന്നെ തന്നെ അവശേഷിക്കുന്ന തുകയാണെന്നും ആയതിനാൽ തുകയുടെ വരവ് സ്രോതസ് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ലെന്നും സബ് ട്രഷറിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഫീസിൽ ക്ലാർക്കിന്റെ സേവനം ലഭിക്കാത്തതിനാൽ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ലെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (14/22-06-2024) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലവശേഷിക്കുന്ന തുകയുടെ വരവുസ്രോതസ്സ് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുകയാണെന്ന് ഉറപ്പാക്കുന്നപക്ഷം യഥാനുസരണം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്. ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. നിശ്ചിത മാത്യകയിൽ എല്ലാ ഇടപാടുകളും ഉൾപ്പെടുത്തി കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

1-30 പുളിയൻചിറ കുളം നവീകരണം-പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

മയ്യിൽ ഗ്രാമപഞ്ചായത്തിലെ കയരളം വില്ലേജിൽ പതിനേഴാം വാർഡിലുൾപ്പെടുന്ന അരിമ്പ്ര പ്രദേശത്ത് നഗരസഞ്ചയ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ **പുളിയൻചിറ കുളം** നവീകരണം എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ	195/24 (സ്പിൽ ഓവർ)
പ്രൊജക്ടിന്റെ പേര്	പുളിയൻചിറ കുളം നവീകരണം
അടങ്കൽ തുക	₹60,00,000 (നഗര സഞ്ചയ ഫണ്ട്)
പി എ സി തുക	₹4345149
ചെലവ് തുക	₹4086748 ഒന്നാം പാർട്ട് ബിൽ ₹1040473 ഫൈനൽ ബിൽ ആകെ-5127221
ചെക്ക് നമ്പർ,തീയതി	**162021/11-08-2023** 162032/09-01-2024
കരാറുകാരന്റെ പേര്	അഭിൻരാജ്.ആർ

കരാർ നമ്പർ,തീയതി.	MGP/AE /07/2023-24തീയതി 18-04-2023
കരാർ കാലാവധി	1വർഷം
ഇ.എം.ബുക്ക് നമ്പർ	11742/22
പ്രവൃത്തി പൂർത്തീകരിച്ച തീയതി	14-11-2023

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രോജക്ട് പൂർണ്ണ ലക്ഷ്യം കൈവരിച്ചില്ല.

കുടിവെള്ളം, ജലസേചനം, മത്സ്യകൃഷി, ടൂറിസം എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ നിലവിൽ ജലസേചനസൗകര്യം മാത്രമാണ് ലഭ്യമാവുന്നത്. പുളിയൻ ചിറ കുളത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി വിസിബി നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൂടാതെ മൽസ്യകൃഷിക്കായി കുളത്തിന്റെ ഒരു ഭാഗത്ത് തടയണ കെട്ടി കൂടുമത്സ്യകൃഷി നടത്തുന്നതിനും ടൂറിസം ലക്ഷ്യമിട്ട് കുളത്തിന് ചുറ്റും പാർക്ക് നിർമ്മിക്കുന്നതിനുമുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (46/28-06-2024) മറുപടി നൽകിയത്.

2. കുളത്തിന്റെ സംരക്ഷണഭിത്തിയുടെ അരികുകളിൽ കുഴിച്ചെടുത്ത ഭാഗം എർത്ത് ഫില്ലിംഗ് നടത്തിയില്ല.

കുളത്തിന്റെ സംരക്ഷണഭിത്തിയുടെ അരികുകളിൽ കുഴിച്ചെടുത്ത ഭാഗം എർത്ത് ഫില്ലിംഗ് നടത്താതെ നിലനിർത്തിയിരിക്കുകയാണെന്നും പ്രസ്തുത ഭാഗത്ത് മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നതിനും സംരക്ഷണഭിത്തിക്ക് കേടുപാടുകൾ സംഭവിക്കുന്നതിനുമിടയാകാൻ സാധ്യതയുണ്ടെന്നും നിർവ്വഹണ സ്ഥലങ്ങളിൽ 26-06-2024 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കാണുവാൻ സാധിച്ചു. കുഴിച്ചെടുത്ത ഭാഗം എർത്ത് ഫില്ലിംഗ് നടത്താതെയിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. എർത്ത് ഫില്ലിംഗ് ചെയ്യുന്നതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് കോർപ്പറേഷനിലേക്ക് പഞ്ചായത്തിൽ നിന്നും അപേക്ഷ അയച്ചതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

3. പുഴ പുറമ്പോക്കിലുൾപ്പെടുന്ന പ്രസ്തുത കുളം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

പുഴ പുറമ്പോക്കിലുൾപ്പെടുന്ന പ്രസ്തുത കുളം ഇതുവരെയായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10-01-2023 തീയതിയിലെ 9/2023 (13) നമ്പർ തീരുമാന പ്രകാരം കുളത്തിന്റെ അളവുകൾ സഹിതം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. കുളത്തിന്റെ പരിപാലന ചുമതലക്കായി വാർഡ് വികസനസമിതി രൂപീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-31 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹20,234-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി മയ്യിൽ NHM ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ₹2,00,000 കേരള ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി, മയ്യിൽ
പദ്ധതിയുടെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
പ്രോജക്ട് നമ്പർ	64/24
അടങ്കൽ	മെയിന്റനൻസ് ഫണ്ട് (റോഡിതരം) ₹2,00,000
ചെലവ്	ബിൽ നം. 307 തീയതി 06.01.2024 (എ) സി ആർ പ്രകാരം)

	₹2,00,000

എന്നാൽ ₹1,79,766-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹20,234-യുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി (നം. 7/22.06.24) നൽകിയതിനെ തുടർന്ന് ബാക്കി തുകയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് ഹോംകോയിൽ നിന്ന് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്ത സാഹചര്യത്തിൽ ₹20,234-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 അതിദാരിദ്ര്യ പട്ടികയിലുള്ള രോഗികൾക്ക് മരുന്ന് വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹25,062-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ആരോഗ്യകരമായ ഉന്നമനത്തിന്റെ ഭാഗമായി അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,സി എച്ച് സി മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	119/24, അതിദാരിദ്ര്യ പട്ടികയിലുള്ള രോഗികൾക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹42,500 – തനത് ഫണ്ട്
ചെലവ്	₹25,062, ബിൽ നമ്പർ 215/30.11.2023

മേൽ പ്രോജക്ടിന്റെ ഭാഗമായി സപ്ലൈകോ മെഡിക്കൽ സ്റ്റോർ, നാദാപുരം എന്ന സ്ഥാപനത്തിൽ നിന്ന് ₹25,062-യുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അതിദരിദ്ര്യരുടെ വിശദാംശങ്ങളും മരുന്നുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 30/26.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹25,062-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 മെനിസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല- ₹1,99,555-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെനിസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ എന്ന പ്രോജക്ട് പ്രകാരം എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് 9423049847/04.12.23, 9423050892/21.02.24 എന്നീ ഇൻവോയിസുകൾ പ്രകാരം 827 മെനിസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	85/24, മെനിസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ
അടങ്കൽ	₹4,53,440 വികസന ഫണ്ട് (പൊതു വിഭാഗം) ₹46,560 - തനത് ഫണ്ട് ആകെ - ₹5,00,000
ചെലവ്	₹1,52,995 – ബിൽ നമ്പർ 275/22.12.2023 ₹46,560 – ബിൽ നമ്പർ 412/04.03.2024 ആകെ - ₹1,99,555

എന്നാൽ മെനിസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 31/26.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ₹1,99,555-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി, മയ്യിൽ

പ്രോജക്ട് നമ്പർ/പേര്	65/24, കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ
അടങ്കൽ	₹50,000 – തനത് ഫണ്ട്
ചെലവ്	₹500 – ബിൽ നമ്പർ 9/27.09.2023 ₹2000 – ബിൽ നമ്പർ 11/10.10.2023 ₹2310 – ബിൽ നമ്പർ 18/30.11.2023 ₹2160 – ബിൽ നമ്പർ 20/15.12.2023 ₹2160 – ബിൽ നമ്പർ 27/16.01.2024 ₹1660 – ബിൽ നമ്പർ 32/24.02.2024 ₹1660 – ബിൽ നമ്പർ 35/19.03.2024 ₹1910 – ബിൽ നമ്പർ 47/24.03.2024 ആകെ: ₹14,360

മയ്യിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച മേൽ പ്രോജക്ടിന്റെ ചെലവുകളിൽ മലബാർ ക്യാൻസർ സെന്ററിൽ പാപ്സ്മിയർ ടെസ്റ്റ് ചെയ്യുന്നതിനുള്ള ചെലവും മലബാർ ക്യാൻസർ സെന്ററിലേക്ക് ടെസ്റ്റിനായി സാമ്പിൾ കൊണ്ടു പോകുന്നതിനുള്ള വാഹന വാടകയും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബുക്ക് ലറ്റ്, ലഘുലേഖകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുക, ബാനർ, IEC ബോർഡുകൾ എന്നിവ തയ്യാറാക്കുക, വാർഡ് തലത്തിൽ ക്യാൻസർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, സർവേ, ബോധവൽക്കരണം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ പ്രോജക്ട് ഭൗതിക ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 32/26.06.24) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

1-35 സാന്ത്വന പരിചരണം-പ്രോജക്ട് നിർവഹണം സംബന്ധിച്ച രേഖകൾ ലഭ്യമല്ല

സാന്ത്വന പരിചരണം എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി, മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	62/24, സാന്ത്വന പരിചരണം
അടങ്കൽ	വികസനഫണ്ട് (പൊതു വിഭാഗം) - ₹6,00,000 തനത് ഫണ്ട് - ₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം - ₹1,50,000 ആകെ - ₹8,50,000
ചെലവ്	₹40,201 – ബിൽ നമ്പർ 13/06.05.2023 ₹39,242 – ബിൽ നമ്പർ 43/15.06.2023 ₹40,201 – ബിൽ നമ്പർ 73/11.07.2023 ₹40,121 – ബിൽ നമ്പർ 126/02.09.2023 ₹40,311 – ബിൽ നമ്പർ 143/16.09.2023

₹40,565 – ബിൽ നമ്പർ 182/07.11.2023
₹40,241 – ബിൽ നമ്പർ 192/09.11.2023
₹40,409 – ബിൽ നമ്പർ 251/14.12.2023
₹5,500 – ബിൽ നമ്പർ 276/22.12.2023
₹3,744 – ബിൽ നമ്പർ 306/05.01.2024
ആകെ - ₹3,30,535

ഗ്രാമപഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്ററർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഒ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സെന്ററർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5ാം തീയതിക്കുമുമ്പായി കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 33/26.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-36 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം.

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും

അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം).ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന മുറക്ക് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് (സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-1) ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ മയ്യിൽ ഗ്രാമപഞ്ചായത്തിലെ ഗവ. ആയുർവേദ ഡിസ്പൻസറി, ഗവ. ഹോമിയോ ഡിസ്പൻസറി എന്നീ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സി എച്ച് സി മയ്യിൽ 2015-16 വരെയുള്ള വരവ് ചെലവ് കണക്കുകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-01-2006ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 34/26.06.24) മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മയ്യിൽ ഗവ. ആയുർവേദ ഡിസ്പൻസറിയിൽ നിലവിൽ ഒ പി ചാർജ്ജ് രോഗികളിൽ നിന്ന് ഈടാക്കുന്നില്ലെന്നും ആയതിനാൽ വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിന് ഇല്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. 04.01.2024 ന് നടന്ന ആശുപത്രി വികസന സമിതി യോഗത്തിൽ ഒ പി ഫീസ് ഈടാക്കുവാനുള്ള നിർദ്ദേശം അനുമതിക്കായി അവതരിപ്പിച്ചെങ്കിലും ഭൂരിപക്ഷത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ ആയത് നടപ്പായില്ലെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.
ആയതിനാൽ സി എച്ച് സി മയ്യിൽ, ഗവ. ഹോമിയോ ഡിസ്പൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 ധാതുലവണ മിശ്രിതവും വിരമരുന്നും വിതരണം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ₹49,950-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മയ്യിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് കറവ പശു ഒന്നിന് 2 പാക്കറ്റ് വീതം ധാതു ലവണ മിശ്രിതം 100% സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ,വെറ്റിനറി ഡിസ്പൻസറി ,മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	80/24, ധാതുലവണ മിശ്രിതവും വിരമരുന്നും വിതരണം
അടങ്കൽ	₹49,950 – തനത് ഫണ്ട്
ചെലവ്	₹49,950 ബിൽ നമ്പർ 445/13.03.2024

പ്രോജക്ടിന്റെ ഭാഗമായി ഓർഗാനിക് കേരാമിൻ സ്പെഷ്യൽ ധാതുലവണ മിശ്രിതം 370 എണ്ണം (ഒരെണ്ണം 135 രൂപ നിരക്കിൽ ആകെ ₹49,950) കേരള ഫീഡ്സിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) പരിശോധനയ്ക്ക് ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം ആകെ 95 ഗുണഭോക്താക്കളായി 245 പാക്കറ്റുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 125 പാക്കറ്റുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) കറവ പശു ഒന്നിന് 2 പാക്കറ്റ് വീതം ധാതു ലവണ മിശ്രിതം 100% സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ചില ക്ഷീര കർഷകർക്ക് 3, 5 എണ്ണം പാക്കറ്റുകൾ ധാതുലവണ മിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 38/27.06.24) മറുപടിയായി പശു ഫാം നടത്തുന്നവർക്കും 2 ൽ കൂടുതൽ കറവ പശുക്കൾ ഉള്ളവർക്കും അധിക പാക്കറ്റുകൾ വിതരണം ചെയ്തതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിൽ കറവ പശു ഒന്നിന് 2 പാക്കറ്റ് വീതം ധാതു ലവണ മിശ്രിതം വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടും ഇത്തരത്തിൽ വിതരണം നടത്തിയത് അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു .കൂടാതെ വിതരണ രജിസ്റ്ററിൽ ഉൾപ്പെടാത്ത, 125 പാക്കറ്റ് കേരാമിൻ സ്പെഷ്യൽ ധാതുലവണ

മിശ്രിതം സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടുമില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹49,950-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 മൃഗാശുപത്രിയിലേക്ക് വസ്തുക്കൾ ,കൺസ്യൂമബിൾസ് വാങ്ങൽ- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹49,998-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മൃഗാശുപത്രിയിലേക്ക് വസ്തുക്കൾ - കൺസ്യൂമബിൾസ് വാങ്ങൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പൻസറി, മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	81/24, മൃഗാശുപത്രിയിലേക്ക് വസ്തുക്കൾ - കൺസ്യൂമബിൾസ് വാങ്ങൽ
അടങ്കൽ	₹50,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	₹49,998 – ബിൽ നമ്പർ 446/13.03.2024

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ട്രഷറി ബിൽ, ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 30/26.06.24) മറുപടിയായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹49,998-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 മുട്ടക്കോഴി കുഞ്ഞുങ്ങൾ വളർത്തൽ - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ

മുട്ടക്കോഴി കുഞ്ഞുങ്ങൾ വളർത്തൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ,വെറ്റിനറി ഡിസ്പൻസറി,മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	73/24, മുട്ടക്കോഴി കുഞ്ഞുങ്ങൾ വളർത്തൽ
അടങ്കൽ	₹1,22,800 – വികസന ഫണ്ട് (പൊതു) ₹250 – തനത് ഫണ്ട് ₹10,200 – മറ്റുള്ളവ ---------- ആകെ – ₹133200
ചെലവ്	₹250 – ബിൽ നമ്പർ 344/29.01.2024 ₹10,200 – ഗുണഭോക്തൃ വിഹിതം ആകെ - ₹10,450

205 വ്യക്തികൾക്ക് 5 മുട്ടക്കോഴികളെ വീതം വിതരണം ചെയ്യാനാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി സമൃദ്ധി എഗ്ഗർ നഴ്സറി, മയ്യിൽ എന്ന സ്ഥാപനത്തിൽ നിന്ന് 130 രൂപ നിരക്കിൽ 1025 മുട്ടക്കോഴികളെ വാങ്ങിയിട്ടുണ്ട് (ഗുണഭോക്തൃ വിഹിതമായി ലഭിച്ച ₹10,200, തനത് ഫണ്ടിൽ നിന്നുള്ള ₹250 എന്നിവ മാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്). എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 203 പേർക്കാണ് 5 വീതം മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ മുട്ടക്കോഴികളെ കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്താതെ നിരവധി ഗുണഭോക്താക്കളുടെ പേര് മാത്രം വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 36/26.06.24) മറുപടിയായി രണ്ട് ഗുണഭോക്താക്കൾക്ക് മൃഗാശുപത്രിയിൽ നിന്ന് മുട്ടക്കോഴികളെ വാങ്ങാൻ സാധിക്കാത്തതിനാൽ ഫാമിൽ നിന്ന് നേരിട്ട് വാങ്ങിയെന്നും ആയതിനാൽ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇതു

പോലെ ചില ഗുണഭോക്താക്കൾ ഫാമിൽ നിന്ന് മുട്ടക്കോഴികളെ നേരിട്ട് വാങ്ങിയതിനാലാണ് വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്താതെ പേര് മാത്രം ചേർത്തിട്ടുള്ളതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-40 ഗവ. വെറ്റിനറി ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ -₹2,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗവ. വെറ്റിനറി ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി 2,50,000 രൂപയുടെ മരുന്നുകൾ മയ്യിൽ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പൻസറി, മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	79/24, ഗവ. വെറ്റിനറി ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹2,50,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	₹2,50,000 – ബിൽ നമ്പർ 205/24.11.2023

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) വെറ്റിനറി ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീതി/ മാവേലി/ സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങാവുന്നതാണ്. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാങ്ങിയ മരുന്നുകളിൽ കാലാവധി കഴിഞ്ഞവ സ്റ്റോക്കിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മരുന്ന്	എണ്ണം	കാലാവധി അവസാനിച്ച മാസം	സ്റ്റോക്ക് രജിസ്റ്റർ പേജ് നം
1	AGLO BEPLEX FORTE MONO 11 ML	3	01/2024	13
2	VIRB VIRTRAZ – 50 ML	2	02/2024	91

3) ചുവടെ ചേർത്ത മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല.

ക്രമ നം	മരുന്ന്	എണ്ണം
1	CLOMIFERT	96

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 39/27.06.24) മറുപടിയായി ക്രമ നം 2 ൽ പരാമർശിച്ച, കാലാവധി കഴിഞ്ഞ മരുന്നുകൾ നീക്കം ചെയ്യാൻ വിട്ടു പോയതാണെന്നും ക്രമ നം 3 ൽ പരാമർശിച്ച മരുന്നുകൾ സ്റ്റോക്കിൽ ചേർക്കാൻ വിട്ടു പോയതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിന് തിരികെ നൽകിയതിന്റെയോ സ്റ്റോക്കിൽ ചേർക്കാൻ വിട്ടു പോയ മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിശദാംശങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ക്രമ നം. 1 ൽ പരാമർശിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹2,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല.

2023-24 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയുടെ ഭാഗമായി തുക കൈപ്പറ്റിയവരിൽ 2021-22 സാമ്പത്തിക വർഷം ആദ്യ ഗഡു തുക കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി - എസ് സി - സ്പിൽ ഓവർ (132/24)

ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡുവായി നൽകിയ തുക/തീയതി	നാളിതു വരെ കൈപ്പറ്റിയ തുക
ദിൽഷ പി	40,000/22.09.2021	2,60,000
ഷാജി സി	40,000/22.09.2021	3,60,000

ലൈഫ് ഭവന പദ്ധതി - സ്പിൽ ഓവർ (131/24)

ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡുവായി നൽകിയ തുക/തീയതി	നാളിതു വരെ കൈപ്പറ്റിയ തുക
ദാമോദരൻ വി	40,000/16.02.2022	3,20,000

മേൽ ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 44/27.06.24) മറുപടിയായി വീട് നിർമാണം നടന്നു വരികയാണെന്നും ഈ വർഷം തന്നെ പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. നിർമാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-42 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി-സ്റ്റോക്ക് രേഖകൾ ഹാജരാക്കാത്തതിനാൽ 156996 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മയ്യിൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ഹാജരാകുന്ന ഗർഭിണികൾ പാലൂട്ടുന്ന അമ്മമാർ 0-3, 3-6 വയസ്സുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം നൽകുന്നതാണ് താഴെ പരാമർശിച്ച പ്രൊജക്റ്റ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ/പേര്	S0069/24, അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി
അടങ്കൽ ₹7500000	₹3147000-ധനകാര്യ കമ്മീഷൻ അവാർഡ്, ₹3500000-കേന്ദ്രാവിഷ്ക്യത വിഹിതം,₹853000-തനത് ഫണ്ട്
ചെലവ്	₹2920639 – കേന്ദ്രാവിഷ്കൃത വിഹിതം ₹369258 – തനത് ഫണ്ട്
ചെലവ് ₹3289897 ബിൽ നം./തീയ്യതി	വൗച്ചർ നം.22300501/07.09.23 ₹10378/- വൗച്ചർ നം.22300347/31.7.23 ₹478958/- വൗച്ചർ നം.22300346/31.7.23 ₹54372/- വൗച്ചർ നം.22300345/31.7.23 ₹294742/- വൗച്ചർ നം.22300502/07.09.23 ₹30496/- വൗച്ചർ നം.22301254/23.3.24 ₹309603/- വൗച്ചർ നം.22300874/28.12.23 ₹696797/- വൗച്ചർ നം.22300980/18.1.24 ₹59655/-

	വൗച്ചർ നം.22301191/7.3.24 ₹527628/- വൗച്ചർ നം.22301221/14.3.24 ₹174882/- വൗച്ചർ നം.22301255/23.3.24 ₹196024/- വൗച്ചർ നം.22300678/1.11.23 ₹56118/- വൗച്ചർ നം.22300693/1.11.23 ₹40294/- വൗച്ചർ നം.22300979/18.1.24 ₹11599/- വൗച്ചർ നം.22300986/18.1.24 ₹9531/- വൗച്ചർ നം.22300983/18.1.24 ₹33206/- വൗച്ചർ നം.22300978/18.1.24 ₹22896/- വൗച്ചർ നം.22301192/7.3.24 ₹75151/- വൗച്ചർ നം.22301223/14.3.24 ₹13022/- വൗച്ചർ നം.22301276/29.3.24 ₹194545/-

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2023 ഏപ്രിൽ മാസം അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ബിൽ നമ്പർ 3/1.04.2023 പ്രകാരം (മേൽ വൗച്ചർ നം.22300347 ൽ ഉൾപ്പെട്ടത്) 1998 കി.ഗ്രാം ന്യൂട്രിമിക്സ്, ന്യൂട്രിലഡ്ഡു 138 കി.ഗ്രാം (ജി എസ് ടി ഉൾപ്പെടെ ആകെ 156996 രൂപ (149520+7476(5%GST) എന്നിവ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

2. സാമൂഹ്യ നീതി ഡയറക്റ്ററേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ. 26-3-2013 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയിലെ (42/27.06.24) പരാമർശം 1-നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാൽ ₹156996-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശം 2 ന്റെ മറുപടിയായി അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റ് സ്ഥിതി ചെയ്യുന്നത് ഇരിട്ടി അഡീഷണൽ ഐ സി ഡി എസ് ഓഫിസ് പരിധിയിലാണെന്നും സ്ഥാപനവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-43 കശുമാവ് വികസനം - മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി -₹8,760 തടസ്സപ്പെടുത്തുന്നു

കശുമാവ് വികസനം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ, കൃഷി ഭവൻ, മയ്യിൽ
പ്രോജക്ട് നമ്പർ/പേര്	48/24, കശുമാവ് വികസനം
അടങ്കൽ	₹44,250 – വികസന ഫണ്ട് (പൊതു)

	₹15,750 – തനത് ഫണ്ട് ₹20,000 – മറ്റുള്ളവ ആകെ - ₹80,000
ചെലവ്	₹8,760 – ബിൽ നമ്പർ 579/26.03.2024

സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 ഖണ്ഡിക 6.1(22) പ്രകാരം കശുമാവ് കൃഷി (തൈ വിതരണം) പ്രോജക്ടിനായി, കാഷ്യു കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം തൈകൾ വാങ്ങുന്നതിന് പ്രോജക്ട് എടുക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ കൃഷി ശ്രീ സെന്ററർ, മയ്യിലിൽ നിന്നും 876 എണ്ണം കാഷ്യു ഗ്രാഫ്റ്റുകൾ 35,040/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് (മുഴുവൻ ബിൽ തുകയും ഈ സാമ്പത്തിക വർഷം സ്ഥാപനത്തിന് നൽകിയിട്ടില്ല. ഗുണഭോകത്യ വിഹിതമായി ലഭിച്ച തുകയിൽ നിന്ന് 8760 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്). കാഷ്യു കോർപ്പറേഷനിൽ നിന്നും സൗജന്യമായി ലഭിക്കുന്ന തൈകൾ വാങ്ങാതെ കൃഷി ശ്രീ സെന്ററർ, മയ്യിലിൽ നിന്നും വില കൊടുത്ത് തൈകൾ വാങ്ങി പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 45/27.06.24) മറുപടിയായി തൈകൾ ലഭ്യമല്ലെന്ന് കാഷ്യു കോർപ്പറേഷനിൽ നിന്ന് ടെലഫോൺ മുഖേന അറിയിച്ചതിനെ തുടർന്നാണ് വില കൊടുത്ത് തൈകൾ വാങ്ങിയത് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹8,760-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-44 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വ്യക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യു രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-45 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്നുകൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിതകർമ്മസേന. ശുചിത്വ മാലിന്യ സംസ്ക്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി,പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്ക്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള

മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന സൂചകങ്ങളുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 01/18-06-2024 ന് മയ്യിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

(I)അജൈവമാലിന്യം

എ)ഹരിത കർമ്മസേനയുടെ പ്രവർത്തനം

ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ചെയ്യുന്നുണ്ട്.

1. ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ, ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential), പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non- Residential) ഹരിത കർമ്മസേനാംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

വാർഡുകളുടെ എണ്ണം	വാർഡിലെ ജനസംഖ്യ	ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential)	പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	ഹരിത കർമ്മസേനാംഗങ്ങളുടെ വിവരം
18	38036	8410	493	25

2. യൂസർ ഫീ ഒഴിവാക്കിയ വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ

ഒഴിവാക്കിയ വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം
144	30

3. 2023-24 സാമ്പത്തിക വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക

യൂസർ ഫീ -വീട്	യൂസർ ഫീ-കട-സ്ഥാപനങ്ങൾ	ആകെ തുക
2429150	2429150	4858300

4. ഹരിത കർമ്മ സേനക്ക് നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

5. മിനി എം സി എഫിൽ നിന്നും പാഴ് വസ്തുക്കൾ എം സി എഫിൽ എത്തിക്കാൻ ഹരിത കർമ്മസേനയുടെ ഇലക്ട്രിക്ക് വാഹനം ഉപയോഗിക്കുന്നു. എം സി എഫിനോടനുബന്ധിച്ച് ഹരിത കർമ്മസേനക്ക് ഓഫീസ് സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ബി) എം സി എഫ് ന്റെ പ്രവർത്തന വിവരം

വാർഡ് 13 മയ്യിൽ അപ്പാരൽ പാർക്കിന് കെട്ടിടത്തിൽ എം സി എഫ് പ്രവർത്തിക്കുന്നു. 220 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം സി എഫ് പ്രവർത്തിക്കുന്നത്. ആയതിൽ ഫയർ എക്സ്റ്റിംഗിഷർ, വാഹനം പോകുന്നതിനുള്ള സൗകര്യം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. ഹരിതകർമ്മ സേനകൾ ശേഖരിച്ച അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്/പ്ലാസ്റ്റിക്കേതര മാലിന്യങ്ങളായി തരം തിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നുണ്ട്.

26-06-2024 ന് ഗ്രാമപഞ്ചായത്തിലെ എം സി എഫ്-ന്റെ സ്ഥലപരിശോധനയിൽ അജൈവമാലിന്യം നിറഞ്ഞ് കവിഞ്ഞ് ചുറ്റിലും വ്യാപിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. എം സി എഫ് നിറയുന്നതിന് അനുസരിച്ച് സമയബന്ധിതമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സാധിക്കുന്നില്ല. എം സി എഫിന്റെ സംഭരണശേഷിയുടെ 70% എത്തുമ്പോൾ തന്നെ ചാർജ് ഓഫീസർമാർ അവ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

സി.ക്ലീൻകേരളകമ്പനി

1. മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് 2023-24 സാമ്പത്തിക വർഷം താഴെ പറയുന്ന സാധനങ്ങൾ കൈമാറിയിട്ടുണ്ട്.

കൊണ്ടുപോയ സാധനം	തൂക്കം (KG)
ചെരിപ്പ്-ബാഗ്	15880

ചില്ല് മാലിന്യം	27850
ലെഗസി മാലിന്യം	41631
മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി കൊണ്ട് പോയത്	17830

2.മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ച തുകയുടെ വിവരം

വർഷം	മാലിന്യത്തിന്റെ അളവ് (Kg)	ലഭിച്ച തുക
2022-23	22496	174216
2023-24	8655	55232

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ ആർ എഫ് പ്രവർത്തിക്കുന്നില്ല. സ്വന്തമായുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഇല്ല.

(II) ജൈവമാലിന്യം

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി റിംഗ് കമ്പോസ്റ്റുകളും ബയോഗ്യാസ് യൂണിറ്റുകളും ബൊക്കാഷി ബക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

ഗാർഹിക - ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പദ്ധതിയുടെ പേര്	സാമ്പത്തിക വർഷം	ചെലവഴിച്ച തുക
1	റിംഗ് കമ്പോസ്റ്റ്	2020-21	1195000
2	റിംഗ് കമ്പോസ്റ്റ്	2021-22	2872400
3	റിംഗ് കമ്പോസ്റ്റ്	2022-23	1344500
4	റിംഗ് കമ്പോസ്റ്റ്	2023-24	3733450
5	ബൊക്കാഷി ബക്കറ്റ്	2023-24	233164
6	ബയോഗ്യാസ് യൂണിറ്റ് വിതരണം	2018-19	190000

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ട്.

(III) പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ച മാർഗ്ഗങ്ങൾ

1. ഹരിത മംഗല്യം

100 പേരിൽ അധികം ആളുകൾ ഒത്തുകൂടുന്ന ഉത്സവാഘോഷങ്ങൾ,വിവാഹ പാർട്ടികളിലും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മയ്യിൽ ഗ്രാമപഞ്ചായത്ത് ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ ഹരിത മംഗല്യം എന്ന സംരംഭം 2022-23 വർഷം മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഉത്സവാഘോഷങ്ങൾ,വിവാഹ പാർട്ടികളിലും ആവശ്യമായ സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് എന്നിവ വാടക അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഇവിടങ്ങളിലെ മാലിന്യ ശുചീകരണ പ്രവൃത്തികളും ഇവരുടെ നേതൃത്വത്തിൽ ചെയ്തുവരുന്നുണ്ട്.

2. ഒറ്റത്തവണ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. വ്യാപാരസ്ഥാപനങ്ങളിൽ എല്ലാ മാസവും പഞ്ചായത്ത് തല ശുചിത്വ സ്കാഡിന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും ചട്ടലംഘനം പിടിക്കപ്പെട്ടാൽ പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനും തുണിസഞ്ചി ഉപയോഗിക്കുന്നതിനും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

3. 2023-23 സാമ്പത്തിക വർഷം എല്ലാ വാർഡുകളിലുമായി 18 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.ഇവിടെ നിന്ന് ലഭിക്കുന്ന ബോട്ടിലുകൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

4. മാലിന്യ സംസ്ക്കരണ രീതികളെ കുറിച്ച് പൊതു ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ആർ പി മാരുടെ നേതൃത്വത്തിൽ ഗ്രാമസഭയിൽ അജണ്ട വെച്ച് കൊണ്ട് 18 വാർഡുകളിലും ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ ജനകീയ ഓഡിറ്റ്,കുട്ടികളുടെ ഹരിത സഭ എന്നിവ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഐ ഇ സി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

5.നിരത്തുകളിൽ-പൊതു ഇടങ്ങളിൽ മലിന്യങ്ങൾ തള്ളൽ 2023-24 സാമ്പത്തിക വർഷം 5 പരാതികൾ ലഭിച്ചിട്ടുണ്ട്. പിഴയായി 80750 രൂപ ഈടാക്കിയിട്ടുണ്ട്. പഞ്ചായത്ത്-ജില്ലാ എൻഫോഴ്സ്മെന്റ് ടീമിന്റെ

നേതൃത്വത്തിൽ ആവശ്യമായ പരിശോധന നടത്തുന്നുണ്ട്.

6. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത്, കിലയുടെ നേതൃത്വത്തിൽ 6 മാസത്തിലൊരിക്കൽ പരിശീലനം നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ഹരിതമിത്രം ആപ്പിന്റെ ഭാഗമായി മാസത്തിൽ ഒരു തവണ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നുണ്ട്.

7. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ എല്ലാ മാസവും അവസാന വാരം ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തി വരുന്നുണ്ട്.

8. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് വഴി ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഓൺലൈനായും മോണിറ്റർ ചെയ്തുവരുന്നുണ്ട്.

9. വാർഡ്തല ശുചിത്വ കമ്മിറ്റി എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്.

10. അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് പ്രതിമാസ ശേഖരണ കലണ്ടർ തയ്യാറാക്കി വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	18.06.24മുതൽ 19.06.24വരെ	കെ.എസ്.എ/കെ.എൻ.ആർ /സി.6/1058/2024 തീയതി: 22.08.2024

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 15/05/2024 ലെ 59/24 നം. തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്വെയറിൽ 18-05-2024 തീയതിയില ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയും അനുബന്ധം-1 ആയും ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കണ്ണർ ജില്ലാ പഞ്ചായത്തിൽ നിന്ന് 94,20,950 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 28,57,950/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗവിവരം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	തൻവർഷം ലഭിച്ച തുക	ആകെ	പ്രോജക്ടിന്റെ പേര്/നമ്പർ	ചെലവ്	നീക്കിയിരിപ്പ്

ബ്ലോക്ക് പഞ്ചായത്ത്, ഇരിക്കൂർ	0	469540	469540	സമ്പൂർണ്ണ നെൽകൃഷി - 20/24	469540	0
	0	339400	339400	ലൈഫ് ഭവന പദ്ധതി ലൈഫ് 2020 എസ് സി -63/24 (സ്പിൽ ഓവർ)	339400	0
	0	225510	225510	ലൈഫ് ഭവന പദ്ധതി ലൈഫ് 2020 ജനറൽ 2023 - 24	225510	0
	0	433500	433500	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - 71/24	433500	0
	0	200000	200000	ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി - 87/24	200000	0
	0	90000	90000	ലൈഫ് ഭവനനിർമ്മാണ പദ്ധതി -131/24 (സ്പിൽ ഓവർ)	90000	0
	0	1100000	1100000	ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ് സി) -132/24	1100000	0
ആകെ	**0**	**2857950**	**2857950**		**2857950**	0
കണ്ണൂർ ജില്ലാ പഞ്ചായത്ത്	0	3900000	3900000	സമ്പൂർണ്ണ നെൽകൃഷി -20/24	3900000	0
	0	420000	420000	ലൈഫ് ഭവന പദ്ധതി ൈലഫ് 2020 എസ് സി - 63/24	420000	0
	0	250000	250000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് - 71/24	250000	0
	0	90000	90000	ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി - 87/24	90000	0
	0	50950	50950	ബഡ്സ് റിഹാബിലിറ്റേഷന് സെന്റർ പ്രവർത്തനം- 89/24	50950	0
	0	3740000	3740000	ലൈഫ് ഭവന പദ്ധതി ലൈഫ് 2020 ജനറല്-68/24	3740000	0
	0	970000	970000	ലൈഫ് ഭവന നിർമ്മാണ പദ്ധതി എസ് സി -132/24	970000	0

ആകെ	**0**	**9420950**	**9420950**		**9420950**	**0**

2023-24 വർഷത്തെ ജില്ല-ബ്ലോക്ക് വിഹിതങ്ങൾ വിനിയോഗിച്ച പ്രോജക്ടുകൾ എല്ലാം റവന്യൂ ചെലവുകളാണ്. പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടിലേക്ക് പ്രോജക്ട് ചെലവ് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സംയുക്ത പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ	ബിൽ/ വൗച്ചർ/ചെക്ക് നമ്പർ, തീയതി	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ളതുക
23-24	ഭൂജലവകുപ്പ്,കണ്ണൂർ	കുഴൽ കിണറിന് മോട്ടോർ, 213/24	22301042/ 05-02-2024	681800	0	681800
	കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്	നിരന്തോട് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ, 294/24,	22301249/ 21-03-2024	312170	0	312170
	കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 200/24	22300845/ 16-12-2023	₹11006	0	₹11006

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 31,20,000/- രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്ന

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പാ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ)	ജി. ഒ. (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018	15684661	6967462	3120000	2121199*		7966263

*ജി ഒ പ്രോജക്ട് പ്രകാരമുള്ള തിരിച്ചടവ്

4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ്	47813536
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	3345547
ആകെ	51159083
തൻവർഷം പിൻവലിച്ചത്	ഇല്ല
വർഷാവസാനം നീക്കിയിരിപ്പ്	51159083

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

ക്രമ നം.	നിക്ഷേപത്തിന്റെ വിവരം	തുക	കാലാവധി തീയതി	റിമാർക്സ്
1	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1238212/22-04-2023	9856323	21-04-2024	പലിശ നിരക്ക് 8.25
2	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1249053/23-05-2023	17239323	21-05-2024	പലിശ നിരക്ക് 8.25
3	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1243507/04-07-2023	8449562	28-06-2024	പലിശ നിരക്ക് 8.25
4	മുല്ലക്കൊടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 8245/05-07-2023	6445274	02-07-2024	പലിശ നിരക്ക് 8.25
5	മുല്ലക്കൊടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 8366/30-09-2023	9148601	30-09-2024	പലിശ നിരക്ക് 8.25
6	മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 219/11-02-2005	20000	ഷെയർ	ഷെയർ
ആകെ		51159083		

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08	3-1 (59)	2003-04	3-4	ലക്ഷ്യം നിറവേറ്റാത്ത പദ്ധതികൾ	നിയമസഭ സമിതിയുടെ പരിഗണനയിൽ
----ടി----	3-1(60)	----ടി----	3-5	ലക്ഷ്യം നിറവേറ്റാത്ത പദ്ധതികൾ	-----ടി-----
2011-12	4.23	2008-09	2-3	മണൽ വിൽപ്പന -വിഹിതം ഈടാക്കിയതിലെ കുറവ്	-----ടി-----
2014-15	4.1.5	വിഷയാധിഷ്ഠിത അവലോകനം	---	വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു.	-----ടി-----
---ടി---	4.1.10	---ടി---	----	അശരണർ പെരുകുന്നു.പകൽ വീടുകൾ അടഞ്ഞുകിടക്കുന്നു.	-----ടി------
---ടി---	4.2.2	---ടി---	----	വാരാവുന്ന മണൽ	-----ടി------
---ടി---	4.2.6	---ടി---	----	മണൽ വിൽപ്പനയിൽ നിന്നുള്ള വരവ് ചെലവ്	----ടി------
---ടി---	5.7.9	---ടി---	----	മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം,ആരോഗ്യ പരിപാലനം തദ്ദേശസ്ഥാപനങ്ങളിലെ പ്രവർത്തനം തൃപ്തികരമല്ല.	----ടി------
---ടി---	5.7.10	---ടി---	----	സമഗ്ര പശുവളർത്തൽ പദ്ധതി	----ടി------

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/ സർച്ചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	68102393
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	65007802
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	24,99,416

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	525686	ശ്രീ.രജീഷ്.ടി, സെക്രട്ടറി ഇൻ ചാർജ് (499920) ശ്രീ.ബിന്റി ലക്ഷ്മണൻ, സെക്രട്ടറി (25766)
1-24	323176	ശ്രീ.ബിന്റി ലക്ഷ്മണൻ, സെക്രട്ടറി
1-25	681800	ശ്രീ.രജീഷ്.ടി, സെക്രട്ടറി ഇൻ ചാർജ്
1-26	74355	ശ്രീ.രജീഷ്.ടി, സെക്രട്ടറി ഇൻ ചാർജ്
1-27	100000	ശ്രീ.ബിന്റി ലക്ഷ്മണൻ, സെക്രട്ടറി
1-28	33844	ശ്രീമതി.ബീന.എ, അസിസ്റ്റന്റ് എൻജിനീയർ
1-31	20234	ശ്രീ.പി.വി.രാജേഷ്, മെഡിക്കൽ ഓഫീസർ, ആയുർവേദം
1-32	25062	ഡോ:കാർത്ത്യായനി.പി.കെ, മെഡിക്കൽ ഓഫീസർ, സി എച്ച് സി, മയ്യിൽ
1-33	199555	ഡോ : കാർത്ത്യായനി.പി.കെ, മെഡിക്കൽ ഓഫീസർ,സി എച്ച് സി,മയ്യിൽ
1-37	49950	ഡോ.ആസിഫ് എം അശ്രഫ്, വെറ്ററിനറി സർജ്ജൻ
1-38	49998	ഡോ.ആസിഫ് എം അശ്രഫ്, വെറ്ററിനറി സർജ്ജൻ
1-40	250000	ഡോ.ആസിഫ് എം അശ്രഫ്, വെറ്ററിനറി സർജ്ജൻ
1-42	156996	ശ്രീമതി.അനിത.കെ,ഐ സി ഡി എസ് സൂപ്പർവൈസർ
1-43	8760	ശ്രീ.പ്രമോദ്.എസ്, കൃഷി ഓഫീസർ
ആകെ	**24,99,416**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.രജീഷ്.ടി, സെക്രട്ടറി ഇൻ ചാർജ്	അസിസ്റ്റന്റ് സെക്രട്ടറി,മയ്യിൽ ഗ്രാമപഞ്ചായത്ത്	തറമ്മൽ ഹൗസ്, പറശ്ശിനിക്കടവ് (പി.ഒ), കണ്ണൂർ
ശ്രീ.ബിന്റി ലക്ഷ്മണൻ, സെക്രട്ടറി	സെക്രട്ടറി,മയ്യിൽ ഗ്രാമപഞ്ചായത്ത്	കുന്നഞ്ചേരി (ഹൗസ്), മിടോവിലോട്, ചക്കരക്കൽ, ഇരിവേരി-670603
ശ്രീമതി.ബീന.എ,അസിസ്റ്റന്റ് എൻജിനീയർ	അസിസ്റ്റന്റ് എൻജിനീയർ, കണ്ണൂർ കോർപ്പറേഷന	റീന നിവാസ്, കൊറ്റാളി (പി.ഒ), കണ്ണൂർ
ഡോ:പി.വി.രാജേഷ്, മെഡിക്കൽ ഓഫീസർ,ആയുർവേദം,	മെഡിക്കൽ ഓഫീസർ,ആയുർവേദം, മയ്യിൽ ഗ്രാമപഞ്ചായത്ത്	മൊട്ടമ്മൽ ഹൗസ്, കണ്ണോം (പി.ഒ), ഏഴോം,കണ്ണൂർ ജില്ല
ഡോ :	മെഡിക്കൽ	കാർത്തിക,

കാർത്ത്യായനി.പി.കെ, മെഡിക്കൽ ഓഫീസർ, സി എച്ച് സി.	ഓഫീസർ,സി എച്ച് സി ,മയ്യിൽ	ആതിരകം സ്കൂൾ റോഡ് (പി.ഒ), മുണ്ടയാട്,കണ്ണൂർ ജില്ല.
ഡോ:ആസിഫ് എം അശ്രഫ്, വെറ്ററിനറി സർജ്ജൻ,	വെറ്ററിനറി സർജ്ജൻ, മയ്യിൽ ഗ്രാമപഞ്ചായത്ത്	സജ്ജല, ഇരവിപുരം (പി.ഒ), കൊല്ലം ജില്ല.
ശ്രീമതി.അനിത.കെ, ഐ സി ഡി എസ് സൂപ്പർവൈസർ	ശിശുവികസനപദ്ധതി ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസ്, പുത്തരിയടുക്കം പി.ഒ., നീലേശ്വരം – 671314	ശ്രീനിലയം, നിടുവള്ളൂർ, ഇരിക്കൂർ പി.ഒ., കണ്ണൂർ ജില്ല
ശ്രീ.പ്രമോദ്.എസ്,കൃഷി ഓഫീസർ	പ്രമോദ്.എസ്, കൃഷി ഓഫീസർ, മയ്യിൽ ഗ്രാമപഞ്ചായത്ത്	റോസ് ഗാർഡൻ, ടി സി 18/564, തിരുമല, തിരുവനന്തപുരം

(എഫ്)ഓഡിറ്റ് എൻകയറി പ്രകാരം തിരിച്ചടച്ച തുകകളുടെ വിവരം.

എൻകയറി നമ്പർ	വിഷയം	അടവാക്കിയ തുക	രസീത് നം. തീയതി, അടവാക്കിയ വ്യക്തിയുടെ പേര്
16/22-06-2024	പൊതുമരാമത്ത് പ്രവൃത്തികൾ- ലെറ്റർ ഓഫ് ആക്സപ്റ്റൻസ് പ്രകാരം കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.	1000	1240401061/G130406 തീയതി 21-06-2024 മുഹമ്മദ് അഷ്റഫ്.ആർ.പി, കരാറുകാരൻ
18/24-06-2024	അരയാരത്ത് മുണ്ടക്കൊടി റോഡ് റീ ടാറിംഗ് (സ്പിൽ ഓവർ)-ലെറ്റർ ഓഫ് ആക്സപ്റ്റൻസ് (LOA) പ്രകാരം കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.	3689	1240401119/G130406 തീയതി 25-06-2024 ബിജു.കെ.പി, കരാറുകാരൻ
19/24-06-2024	വസ്തു നികുതി പരിഷ്കരണം - പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിനാൽ വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം.	3534	1240401150/G130406 തീയതി 27-06-2024 സുനിൽകുമാർ പാറേത്ത്, കെട്ടിട ഉടമ (18/308 C)
	---------ടി----------	3854	1240401151/G130406 തീയതി 27-06-2024 സുനിൽകുമാർ പാറേത്ത്, കെട്ടിട ഉടമ (18/308 D)
	--------ടി----------	6350	1240500018/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ, കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ, രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ, പി.ഉഷ (കെട്ടിട ഉടമകൾ -7/528 E)
	--------ടി----------	6522	1240500019/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ, കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ, രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ, പി.ഉഷ (കെട്ടിട ഉടമകൾ-7/528 F)

	---------ടി-----	6613	1240500020/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ, കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ, രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ, പി.ഉഷ (കെട്ടിട ഉടമകൾ-7/528 G)
	---------ടി-----	6422	1240500021/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ,കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ,രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ,പി.ഉഷ (കെട്ടിട ഉടമകൾ-7/528 H)
	---------ടി-----	6528	1240500022/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ,കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ,രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ,പി.ഉഷ (കെട്ടിട ഉടമകൾ-7/528 I)
	---------ടി-----	6706	1240500023/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ, കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ,രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ,പി.ഉഷ (കെട്ടിട ഉടമകൾ-7/528 J)
	---------ടി--------	7074	1240500024/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ,കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ,രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ,പി.ഉഷ (കെട്ടിട ഉടമകൾ-7/528 K)
	---------ടി--------	6888	1240500025/G130406 തീയതി 26-06-2024 നരിക്കാടൻ ദാസൻ,കവിളിയോട്ട് പുതിയപുരയിൽ സുരേന്ദ്രൻ,രയരോത്ത് പുതിയ വീട്ടിൽ ചന്ദ്രൻ,പി.ഉഷ (കെട്ടിട ഉടമകൾ-7/528 L)
28/25-06-2024	വസ്തുനികുതി നിർണ്ണയത്തിൽ അപാകം-നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു.	517	1240700001/G130406 തീയതി 27-06-2024 കുന്നത്ത് വീട്ടിൽ വിനോദിനി,കെട്ടിട ഉടമ (13/282 A)
	---------ടി--------	4311	1240500032/G130406 തീയതി 27-06-2024 പെരുങ്കുന്നപ്പാല പ്രമോദ് കെട്ടിട ഉടമ (4/77 A)
	---------ടി--------	4311	1240500033/G130406 തീയതി 27-06-2024 പെരുങ്കുന്നപ്പാല പ്രമോദ് കെട്ടിട ഉടമ (4/77 A)
43/27-06-2024	അങ്കണവാടികൾ,ശിശുമന്ദിരം എന്നിവിടങ്ങളിലേക്കു ഭക്ഷ്യധാന്യങ്ങൾ വിതരണം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്	7325	------ ജൂൺ 2024 മാസം നൽകുന്ന ബില്ലിൽ ക്രമീകരിച്ചു.

	ഇനത്തിൽ 7325/-രൂപ അധികം നൽകി		ശ്രീ.കെ.കുഞ്ഞിരാമൻ, ട്രാൻസ്പോർട്ടേഷൻ കരാറുകാരൻ
2/20-06-2024	എഫ് ടി ഇ & ഒ എസ് ലൈസൻസ്,മറ്റ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലെയും അപാകങ്ങൾ	200	1240401085/G130406 തീയതി 24-06-2024, എളമ്പിലാട്ട് പുതിയപുരയിൽ സീദ്ധീഖ്, നാസിം ഗ്ലാസ് & പ്ലൈവുഡ്സ്
	---------ടി--------	100	1240500026/G130406 തീയതി27-06-2024, പി.കെ.കുഞ്ഞായിസ, സലാം റൈസ് & ഫ്ലോർമിൽ
	---------ടി--------	200	1240500027/G130406 തീയതി 27-06-2024, ഉല്ലാസൻ.പി, മാരുതി വുഡ് ഇൻഡസ്ട്രീസ്
	---------ടി--------	100	124050028/G130406 തീയതി 27-06-2024, ജനാർദ്ദനൻ, കെ.എം സ്റ്റോർ
	--------ടി--------	200	1240500017/G130406 തീയതി 24-06-2024, സുരേശൻ.വി, ഫെഡ്യിയൽ ഗ്ലാസ് ഹൗസ്
	--------ടി--------	200	1240500031/G130406 തീയതി 27-06-2024, ഫൗസിയ.എ.പി, ലൈഫ് സ്റ്റൈൽ റെഡിമെയ്ഡ്സ്.
	-------ടി--------	1000	1240401122/G130406 തീയതി 25-06-2024, ഗണേഷ് ബാബു.സി.സി, ഫാമിലി ഹൈപ്പർമാർക്കറ്റ്
	-------ടി--------	1000	1240500029/G130406 തീയതി 27-06-2024, മയ്യിൽ കോ-ഓപ് മിൽക്ക് സൊസൈറ്റി
	-------ടി--------	1000	1240500030/G130406 തീയതി 27-06-2024 , വെൽവുഡ് ഇൻഡസ്ട്രീസ്
	ആകെ	85644	

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	4
1998-99	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	15
1999-2000	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	4
2000-01 (പദ്ധതിയേതരം)	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	1

2003-04	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	3
2004-05	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	1
2005-06	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	1
2006-07	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	2
2007-08	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	6
2008-09	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	8
2009-10, 2010-11	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	3
2011-12 2012-13	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	4
2016-17	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	1
2017-18	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	2
2018-19	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 1414/2022 തീയതി 13-10-2022	3
2019-20	നം.കെ.എസ്.എ/കെ.എൻ.ആർ /സി.14/ 773/2021 തീയതി 02-09-2021	26
2020-21	നം.കെ.എസ്.എ/കെ.എൻ.ആർ /സി.14/ 774/2021 തീയതി 08-09-2021	20
2021-22	നം.കെ.എസ്.എ/കെ.എൻ.ആർ /സി.2/ 591/2023 തീയതി 30-05-2023	30
2022-23	നം.കെ.എസ്.എ/കെ.എൻ.ആർ /സി2/1323/2023 തീയതി 25.09.2023	22

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 59/2024 dated 59/2024 dated 15-05-2024 and submitted on 18-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Mayyil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mayyil Grama Panchayat as on 31-03-2024

Date: 22/08/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mayyil Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2.Comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules is not submitted for audit

3.Lapses in making timely and accurate demand entries in respect of tax and non tax revenue

4.The Asset value shown in balance sheet (Schedule B-11) is not traceable to Asset Register as it is not updated.

5.Amount given to KSEB and Ground Water Department for executing deposit works which are unadjusted till date are not shown in B 18 schedule of balance sheet.

6.Amount shown as excess of income over expenditure in B1 schedule do not match with the calculated amount (opening balance +/- surplus as deficit from income and expenditure statement and prior period amount)

7.The details of amount which has been recorded Other Liabilities(320100999) in B-9-Schedule of the Annual Financial Statement (22675)has not been explained.

8.Accrued receipts of previous years are not included in Arrear demand account in Annual Financial Statement.

9.Distress relief fund shown in B-2 schedule differs from B-17 schedule

Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annx3-1
റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Mayyil Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	30075061.00
Cash	Cash	RP-40(a)	136676.00
	Operating		
110000000	Tax Revenue	RP-1	1618910.00
130000000	Rental income from Panchayat Properties	RP-3	21824.00
140000000	Fees & User Charges	RP-4	6837252.00
150000000	Sale & Hire Charges	RP-5	140476.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	13627800.00
171000000	Interest Earned	RP-9	478162.00
190000000	Prior Period Income	RP-11	15545.00
311000000	Earmarked Funds	RP-28	10441.00
320000000	Grants, Funds & Contributions for Specific Purposes	RP-30	30106014.00
431000000	Sundry Debtors (Receivables)	RP-45	10474301.00
	Non Operating		
330000000	Secured Loans	RP-31	3120000.00
340000000	Deposits Received	RP-33	545935.00
350000000	Other Liabilities	RP-35	1105733.00
	Grand total		**98314130.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	154770.00
320000000	Grants, Funds & Contributions for Specific Purposes	RP-30	27605.00

431000000	Sundry Debtors (Receivables)	RP-45	158413.00
460000000	Loans, Advances and Deposits	RP-49	200000.00
	Non Operating		
340000000	Deposits Received	RP-33	192874.00
350000000	Other Liabilities	RP-35	64274140.00
	Closing Balance		
Bank	Bank	RP-40(b)	33206484.00
Cash	Cash	RP-40(b)	99844.00
		Grand Total	**98314130.00**

Annx3-2
ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Mayyil Grama Panchayat **INCOME & EXPENDITURE STATEMENT**			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	9765968.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	939296.00
140000000	Fee & User Charges	I-4	7180742.00
150000000	Sale & Hire Charges	I-5	630352.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	183052038.00
170000000	Income from Investments	I-7	3345547.00
171000000	Interest Earned	I-8	478162.00
180000000	Other Income	I-9	541386.00
A	**Total Income**		**205933491.00**
	EXPENDITURE		
210000000	Establishment Expenses	I-10	12342478.00
220000000	Administrative Expenses	I-11	1717552.00
230000000	Operations & Maintenance	I-12	2658687.00
240000000	Interest & Finance Charges	I-13	0.0
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	7263775.00
251000000	Decentralised Plan Programme-Service Sector	I-14(A)	58225215.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	10046206.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	39057937.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	54038400.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1364079.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	5886.00

271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	1-174	23034188
	Total Expenditure		209754403
	Gross Surplus/Deficit of income over expenditure		3820912
	Gross Surplus/Deficit of income over expenditure		3790979
29000000	Transfer to Reserve fund/Prior period itel ()ILGMS	1-18	49342
	Net balance being surplus/deficit considerable to balance sheet		29933

Annx3-3
ബാലൻസ് ഷീറ്റ്

Mayyil Grama Panchayat BALANCE SHEET			
As on 31-March-2024			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	43168625.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	88959.00
312000000	Reserves	B-3	82274876.00
	Total Reserve & Surplus		**125532460.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	14187472.00
	Total Grants, Contributions for Specific Purposes		**14187472.00**
	Loans		
330000000	Secured Loans	B-5	7966263.00
331000000	Unsecured Loans	B-6	0.0
	Total Loans		**7966263.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	1403819.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2156841.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**3560660.00**
	TOTAL LIABILITIES		**151246855.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	0.0
412000000	Capital Work in Progress	B-11(b)	1769491.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	1297850.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	22235215.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	153964907.00
416000000	Accumulated Depreciation	B-11(a)	-114760255.00
	Total Fixed Assets		**64507208.00**
	Investments		
420000000	Investments-General Fund	B-12	51159083.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**51159083.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0

431000000	Sundry Debtors (Receivables)	B-15	265027.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	33306328.00
460000000	Loans, Advances and Deposits	B-18	2009209.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**35580564.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**151246855.00**

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.